# മഷിപ്പച്ച

## ഓണപ്പതിപ്പ്

പുസ്തകം 7 | ലക്കം 5 | പേജുകൾ 50 | ഓഗസ്റ്റ് 2026



സന്ധ്യ ഇ. ★ സുകുമാർ കൂർക്കഞ്ചേരി ★ സുരേന്ദ്രൻ മങ്ങാട്ട്
വി.പി. ജോൺസ് ★ ഇ.ഡി. ഡേവിസ് ★ രാജൻ സി.എച്ച്
ദർശന ★ അജയ് നാരായണൻ ★ രമ പിഷാരടി
ദിവ്യ സി.ആർ ★ സുഭാഷ് പോണോളി ★ രേഖ തോപ്പിൽ
ലാവണ്യ മുല്ലശേരി ★ എം.ആർ. ബാലചന്ദ്രൻ

**തെക്കോട്ടിറക്കം (ഓർമ്മക്കുറിപ്പുകൾ): സി.ആർ രാജൻ**


JOS ALUKKAS
A TRADITION OF FINE JEWELLERY
ഓണം
PONNONAM
AUG 8 - 26
എല്ലാ പർച്ചേസിനും
ഓണസമ്മാനം ഉറപ്പ്*
10ഗ്രാം സ്വർണ്ണാഭരണങ്ങൾ
വാങ്ങുമ്പോൾ
സൗജന്യ
സ്വർണ്ണ നാണയം
JOS ALUKKAS × വനിത
CELEB
FACE
നിങ്ങളുടെ സെൽഫി
നിങ്ങളെ താരമാക്കാം!
ഷോറൂം സന്ദർശിച്ച് ആഭരണങ്ങൾ അണിഞ്ഞ്
ഒരു സെൽഫി എടുക്കൂ.
തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വനിതയുടെ
മുഖചിത്രത്തിലും ജോസ് ആലുക്കാസിന്റെ
പരസ്യത്തിലും തിളങ്ങാൻ അവസരം.*
ഡയമണ്ട്സ്
30%
ഡിസ്കൗണ്ട്
പ്ലാറ്റിനം
30%
പണിക്കൂലിയിൽ
ഡിസ്കൗണ്ട്
*T&C Apply
ROUND EAST, THRISSUR. PH: 0487-2331812

# *Editor's page:*





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032


എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**


**മാ**സികയുടെ എട്ടാമത് ഓണപ്പതിപ്പാണ് ഇന്ന് പുറത്തിറങ്ങുന്നത്. ഏഴു വർഷം മുൻപ് 'വ്യാപാരകേരളം' എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ച സാമ്പത്തിക സാംസ്കാരിക - സാഹിത്യ ഡിജിറ്റൽ മാസിക പിന്നീട് 'മഷിപ്പച്ച' എന്ന പേര് സ്വീകരിച്ച്, സാഹിത്യ രചനകൾക്ക് മുൻതൂക്കം നൽകി പ്രസിദ്ധീകരണം തുടർന്നു. 'വ്യാപാരകേരളം' എന്ന ആദിരൂപത്തിലും 'മഷിപ്പച്ച'യിലും രചനകൾ പ്രസിദ്ധീകരിച്ച തുടക്കക്കാരിൽ പലരും പിന്നീട് രചനാമണ്ഡലത്തിൽ സ്വത്വം തെളിയിച്ചവരാണ്.

ലബ്ധപ്രതിഷ്ഠരായവരുടെ രചനകൾക്കൊപ്പം തുടക്കക്കാർക്കും മാസികയിൽ ഇടം നൽകണമെന്നത് മാസിക പ്രവർത്തകർ തുടക്കം മുതൽ അനുവർത്തിച്ച നയമാണ്. അയച്ചു കിട്ടുന്നവയിൽ നിന്നും ഭേദപ്പെട്ട രചനകൾ മാത്രം തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുവാനും ഞങ്ങൾ ശ്രദ്ധ പുലർത്തിയിരുന്നു.


പ്രതിഫലേച്ഛയില്ലാതെ കൂടെ പ്രവർത്തിക്കുന്ന സൗഹൃദങ്ങളുടെ കൂട്ടായ ശ്രമഫലമാണ് മാസികയുടെ ഓരോ ലക്കവും. 'കുട്ടികളുടെ മഷിപ്പച്ച' മുന്നോട്ടു നയിക്കുന്ന സിജി അശോകൻ എന്ന അശോകേട്ടന്റെ സേവനം ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കുന്നു. പോയകാലത്ത് വ്യത്യസ്ത തലങ്ങളിൽ പ്രസിദ്ധരായവരെ ഇന്റർവ്യൂ ചെയ്യുന്നതിനും സമയബന്ധിതമായി എഴുത്ത് പൂർത്തിയാക്കി നൽകുന്നതിനും സഹകരിച്ച നിസ്വാർത്ഥമതികളേയും ഈ വേളയിൽ സ്മരിക്കുന്നു. താര അതിയേടത്ത്, ലാവണ്യ മുല്ലശ്ശേരി, അജിത രാജൻ, സി ജി അശോകൻ എന്നിവർ തയ്യാറാക്കിയ അഭിമുഖങ്ങൾ ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു. ആദ്യ ലക്കങ്ങളിൽ കാർട്ടൂൺ വരച്ചിരുന്ന രാജേശ്വരി തുളസി, 'കാർട്ടൂൺ കേരളം' പംക്തിയിൽ സമകാലിക വിഷയങ്ങൾ കുറിക്ക് കൊള്ളുംവിധം അവതരിപ്പിച്ചുവരുന്ന എം ആർ ബാലചന്ദ്രൻ, 'സമകാലികം' പംക്തി എഴുതിയിരുന്ന ഫ്രാങ്കോ ലൂയിസ്, 'റിഥം ഓഫ് ലൈഫ്' പംക്തി എഴുതിവന്ന തേജശ്രീ തുടങ്ങിയവർ മാസികയുടെ രചനാ ഭൂമിക വിസ്തൃതമാക്കുന്നതിന് സഹായിച്ചവരാണ്.

പ്രസിദ്ധീകരണം ആരംഭിച്ചതു മുതൽ ഇന്നുവരെ എല്ലാ ലക്കത്തിലും പരസ്യം അനുവദിച്ച പ്രിയ ആലുക്കാസ് ജോസേട്ടനോടുള്ള കടപ്പാട് അറിയിക്കുന്നു. സർവ്വോപരി, തുടക്കം മുതൽ മാസിക വായിച്ച് അഭിപ്രായങ്ങൾ അറിയിച്ച, തിരുത്തലുകൾ നിർദ്ദേശിച്ച എല്ലാ വായനക്കാർക്കും നല്ല രചനകൾ മാസികയിലേക്ക് നൽകിയ എഴുത്തുകാർക്കും നന്ദി.




ഏവർക്കും സമൃദ്ധിയുടെ പൊന്നോണാശംസകൾ.

**സി ആർ രാജൻ**
**എഡിറ്റർ**











# അകത്താളുകളിൽ

## കഥ


സുകുമാർ കൂർക്കഞ്ചേരി...... പേജ് 29
സുരേന്ദ്രൻ മങ്ങാട്ട് ............... പേജ് 32
വി.പി. ജോൺസ് ................. പേജ് 33
ദിവ്യ സി.ആർ ..................... പേജ് 37
ദർശന ............................ പേജ് 40
രേഖ തോപ്പിൽ .................. പേജ് 42
സുജ എ. ......................... പേജ് 44


## ഓർമ്മക്കുറിപ്പുകൾ


സി.ആർ. രാജൻ .................. പേജ് 6


## ലേഖനം


ലാവണ്യ മുല്ലശ്ശേരി................പേജ് 22
ഈ ഡി ഡേവീസ്................ പേജ് 26


## കാർട്ടൂൺ


എം.ആർ.ബാലചന്ദ്രൻ ........... പേജ് 5



## കുട്ടികളുടെ മഷിപ്പച്ച



വര, കവിത ....................... പേജ് 47


## കവിത


സന്ധ്യ ഇ........................... പേജ് 9
സുഭാഷ് പോണോളി ............. പേജ് 11
രമാ പിഷാരടി..................... പേജ് 12
ഡോ. അജയ് നാരായണൻ ..... പേജ് 13
രാജൻ സി എച്ച് .................. പേജ് 14
നിബിൻ കള്ളിക്കാട്............. പേജ് 15
ജയപാലൻ കാര്യാട്ട് ............. പേജ് 16
ഹാജറ കെ.എം. .................. പേജ് 17
നിജി പെബി....................... പേജ് 18
ഷംല ആവള ...................... പേജ് 19
എ.കെ.അനിൽകുമാർ ........ പേജ് 20
ബഷീർ മുളിവയൽ .............. പേജ് 21
പ്രദീപ് എസ് എസ് .............. പേജ് 46

## ○ കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ


# ഒരു കെട്ട് കടലാസും പേനയും;
# ഈലിയ ബുക്സിനു തുടക്കം



## തെക്കോട്ടിറക്കം
### ഓർമ്മക്കുറിപ്പുകൾ- 2

സി.ആർ. രാജൻ















**1985.** ഇന്ത്യൻ ജുഡീഷ്യൽ റിപ്പോർട്ട്സ് എന്ന വക്കീലന്മാർക്കുള്ള മാസികയുടെ പ്രചാരണാർത്ഥം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അല ഞ്ഞ് തിരിച്ചെത്തി പ്രത്യേകിച്ചൊരു പണിയുമില്ലാതെ മാനം നോക്കിയിരുന്ന കാലം. തൊഴിൽ അനിവാര്യമായതിനാൽ പരിശ്രമം തുടർന്നുകൊണ്ടിരുന്നു. അപ്പോഴാണ് ഇന്ദിര സ്വയം തൊഴിൽ പദ്ധതി എന്ന ഒരു സൊയമ്പൻ സംരംഭക സാധ്യത ആരോ പറഞ്ഞ് അറിഞ്ഞത്. പിന്നെ അതിനുള്ള ശ്രമം തുടങ്ങി. എന്റെ ആദ്യ കഥ 'ഒന്നേ ഒന്നേ പോ പോ' എന്ന പേരോട് കൂടിയത് കുങ്കുമം വാരികയിലും എന്റെ ആദ്യ നോവൽ 'വെടിക്കെട്ട്' ദീപിക ഞായറാഴ്ച പതിപ്പിലും ആ സമയത്ത് പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. അത് ഒരു സാധ്യതയായി മനസ്സിൽ തെളിഞ്ഞു. പുസ്തക പ്രസാധനം എന്ന സംരംഭം തുടങ്ങുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിച്ചു.

ആൾ ജാമ്യം പോലും ഇല്ലാതെ സ്വയം തൊഴിലി ന് പണം വായ്പ നൽകുന്ന പദ്ധതിയാണ് കേന്ദ്രം നടപ്പിലാക്കിയിരുന്നത്. ബാങ്കുകളാണ് സംരംഭകന് വായ്പ നൽകേണ്ടത്. സംരംഭകന്റെ സ്വന്തം ജാമ്യത്തിൽ മാത്രം. ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഇന്റർവ്യൂ നടന്നു. അവിടെ വിവിധ ബാങ്കുകളുടെ പ്രതിനിധികളും സർക്കാർ ഒഫീഷ്യൽസും ഉണ്ടായിരുന്നു. പ്രിന്റിംഗ് യൂണിറ്റ് തുടങ്ങുന്നതിന് ആണോ വായ്പ ആവശ്യപ്പെടുന്നത് എന്നാണ് സർക്കാർ ഓഫീസർമാർക്കും ബാങ്കുകൾക്കും അറിയേണ്ടിയി



കനല് കാത്ത് താഴ്വരകൾ എന്ന നോവലിന്റെ പ്രകാശനം വിലാസിനി നിർവഹിക്കുന്നു.

രുന്നത്. അതിനായി വാങ്ങുന്ന മെഷനറിയുടെ ഈടിൽ വായ്പ നൽകാം എന്ന് ബാങ്കുകൾ.

എന്നാൽ ഞാൻ മുന്നോട്ടുവച്ച സംരംഭകത്വം വ്യത്യസ്തമാണ്. പുസ്തക പ്രസാധനം. മെഷനറി വേണ്ട. അതിന് പ്രിന്റിംഗ് പ്രസുകൾ പുറത്തുണ്ട്. പുസ്തകത്തിന്റെ പ്രസാധനവും അതിന്റെ വിൽപ്പനയും വിതരണവും ഒക്കെയാണ് ഞാൻ സമർപ്പിച്ച പ്രപ്പോസലിൽ ഉണ്ടായിരുന്നത്. ഇതുകേട്ട് ബാങ്ക് പ്രതിനിധികൾ കയ്യൊഴിഞ്ഞു. മെഷനറിക്കേ വായ്പ നൽകൂ. ഒരു കെട്ട് കടലാസും പേനയും ആയി പുസ്തക പ്രസാധന മേഖലയിലേക്ക് ഇറങ്ങുന്നയാൾക്ക് എന്തിന്റെ ഉറപ്പിലാണ് വായ്പ നൽകുക എന്ന ന്യായമായ സംശയം ബാങ്കുകൾ ഉന്നയിച്ചു. ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്ന ഒരു ഐഎഎസ് ഉദ്യോഗസ്ഥൻ, പേര് ഞാൻ ഓർക്കുന്നില്ല, മലയാളിയല്ല, എന്റെ എഴുത്തിന്റെ വഴികൾ ചോദിച്ചറിഞ്ഞു. അറിയാവുന്ന മുറി ഇംഗ്ലീഷിൽ ഞാൻ അത് എങ്ങനെയോ പറഞ്ഞൊപ്പിച്ചു. എന്റെ ആവേശവും ധൈര്യവും കണ്ടിട്ട് ആകണം അദ്ദേഹം ഈ പ്രൊപ്പോസൽ അംഗീകരിച്ചതായി ഒപ്പിട്ട് പേപ്പർ എനിക്ക് കൈമാറി. ഏത് ബാങ്കിൽ നിന്നാണ് വായ്പ എടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അദ്ദേഹം എന്നോട് ചോദിച്ചു. തൃശ്ശൂരിൽ ഹെഡ് ഓഫീസുള്ള ഒരു ബാങ്കിന്റെ പേര് ഞാൻ പറയുകയും അദ്ദേഹം ഓർഡറിൽ അത് രേഖപ്പെടുത്തുകയും ചെയ്തു.

ദീർഘനാൾ ഗുസ്തി പിടിച്ച ശേഷമാണ് ബാങ്കിൽ നിന്നും വായ്പ അനുവദിച്ചത്. അങ്ങനെ ഞാനൊരു പുസ്തക പ്രസാധകനായി. 'ഈലിയ ബുക്സ്' എന്ന പേരും സംരംഭത്തിന് കൊടുത്തു. രണ്ട് പുസ്തകങ്ങൾ ഈ വായ്പ ഉപയോഗിച്ച് പുറത്തിറക്കി.

മറ്റാരും അവലംബിച്ചിട്ടില്ലാത്ത ഒരു രീതിയാണ് ഞാൻ പരീക്ഷിച്ചത്. നോവലുകൾ മാത്രമേ പ്രസിദ്ധീകരിക്കൂ. ന്യൂസ് പ്രിന്റിലാണ് അച്ചടി. ഏറ്റവും കുറഞ്ഞ വില. അന്ന് മാസികകൾക്ക് ഉണ്ടായിരുന്ന വിലയിൽ ഒരു പുസ്തകം ലഭ്യമാക്കുകയായിരുന്നു ലക്ഷ്യം. അക്ഷരങ്ങളുടെ വാർപ്പ് അച്ചുകൾ നിരത്തിയാണ് അന്ന് പ്രിന്റിംഗ് പ്രസുകൾ അച്ചടി നിർവഹിച്ചിരുന്നത്. എന്റെ സ്വന്തം നോവലാണ് ആ



**'കനല് കാത്ത് താഴ്‌വരകൾ' പ്രകാശനവേള: വേദിയിൽ :** വിൻസെന്റ് പുത്തൂർ, വിലാസിനി, സ്വാമി ശാശ്വതീകാനന്ദ, മാർ അപ്രേം, ബാലചന്ദ്രൻ വടക്കേടത്ത്.

ദ്യ പുസ്തകമായി പുറത്തിറക്കിയത് 'കനല് കാത്ത് താഴ്വരകൾ' എന്ന ടൈറ്റിൽ. അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടതായിരുന്നു ഈ നോവൽ. കുറുമ്പർ താമസിച്ചിരുന്ന അട്ടപ്പാടിയിലെ ആനയൂര് എന്ന ഊരിൽ ഒരു ഏകാധ്യാപക വിദ്യാലയം ഉണ്ടായിരുന്നു. അവിടെ മാഷായിരുന്ന ഒരു നിലമ്പൂരുകാരനുമായി ഒരു ചെറിയ പരിചയം എനിക്കുണ്ടായിരുന്നു. കുറച്ചു ദിവസങ്ങൾ ഞാൻ ഈ ഊരിൽ അദ്ദേഹത്തിന്റെ അതിഥിയായി താമസിച്ചിട്ടുണ്ട്. അന്ന് അവിടെ കണ്ടതും കേട്ടതും ചേർത്താണ് നോവൽ പൂർത്തിയാക്കിയത്. പുസ്തകങ്ങൾ വളരെ കുറച്ചു മാത്രം ഇറങ്ങിയിരുന്ന കാലമായിരുന്നു അത്. അതിനാൽ ആകണം പത്രങ്ങളിൽ വിലപ്പെട്ട റിവ്യൂകൾ ഈ പുസ്തകത്തിന് ലഭിക്കുകയുണ്ടായി. അച്ചടി ചെലവ് മാത്രം വഹിച്ചുകൊണ്ടാണ് ആദ്യ പുസ്തകം പ്രസിദ്ധീകരിച്ചത്. കവർ ചിത്രം വരച്ചത് എന്റെ ജ്യേഷ്ഠ സഹോദരൻ. എഴുത്തും വിതരണവും കളക്ഷനും ഞാൻ തന്നെ.

ആയിരം കോപ്പി അച്ചടിച്ചിരുന്നു. പെട്ടിക്കടകൾ വഴിയാണ് പുസ്തക വില്പന ഉദ്ദേശിച്ചിരുന്നത്. മാസിക എന്ന പോലെ തന്നെ. ഒരു പുസ്തകം ഒരു മാസികയുടെ വിലയ്ക്ക് നൽകുക എന്ന എന്റെ സ്വപ്ന പദ്ധതി ഏറെയൊന്നും വിജയിച്ചില്ല. കുറച്ചു കോപ്പികൾ വിറ്റുപോയി. അതിനേക്കാൾ ഏറെ തിരിച്ചു കിട്ടി. വിറ്റതിൽ തന്നെ സംഖ്യ അധികമൊന്നും ലഭിച്ചില്ല. ഇതിനിടയിൽ രണ്ടാമത്തെ പുസ്തകവും പ്രിന്റിങ് പ്രസ്സിൽ കയറിയിരുന്നു. എഴുത്ത് എന്റെയാണെങ്കിലും മറ്റൊരു പേരിൽ ആകുന്നത് വിൽപ്പനയെ സഹായിക്കും എന്ന് തെറ്റിദ്ധരിച്ച് ശ്രീദേവി എന്ന തൂലികാനാമം പുസ്തകത്തിൽ ചേർത്തു. അതിന്റെ വിതരണവും വില്പനയും എല്ലാം തഥൈവ. അതോടെ ഊലിയ ബുക്സിന് മനസ്സിൽ വരച്ചിട്ടിരുന്ന ഓഫീസ് അടച്ചുപൂട്ടി.

ആദ്യ പുസ്തകത്തിന് സുഹൃത്തുക്കളുടെ നിർബന്ധപ്രകാരം പ്രകാശന ചടങ്ങ് സംഘടിപ്പിച്ചിരുന്നു. അന്നും ഇന്നും എന്റെ പ്രിയ സുഹൃത്തായ വിൻസന്റ് പുത്തൂരാണ് പ്രകാശന ചടങ്ങിന് ചുക്കാൻ പിടിച്ചത്. വിഖ്യാതനായ ഒരാളെ കൊണ്ട് പ്രകാശനം നടത്തിക്കണമെന്ന് എനിക്ക് നിർബന്ധം. അന്ന് തൃശ്ശൂരിൽ അഴീക്കോട് മാഷ് വന്നിട്ടില്ല. തലയെടുപ്പുള്ള ഒരെഴുത്തുകാരൻ അന്ന് തൃശൂരിൽ എം കെ മേനോൻ എന്ന വിലാസിനി മാത്രമായിരുന്നു. ഒന്നു രണ്ടു തവണ അദ്ദേഹത്തെ വീട്ടിൽ ചെന്ന് ഞാൻ കണ്ടിട്ടുണ്ട്. ചുരുങ്ങിയ വാക്കുകളിൽ സംസാരിച്ചിട്ടുണ്ട്. അങ്ങനെയൊരു പരിചയം മാത്രം മുന്നിൽ നിർത്തി ഒരു ദിവസം ഞാനും വിൻസെന്റ് പുത്തൂരും അദ്ദേഹത്തെ ചെന്ന് കണ്ടു. ആവശ്യം അവതരിപ്പിച്ചു. ഉടനെ അദ്ദേഹം വീടിന് വെളിയിൽ തൂക്കിയിട്ടിരുന്ന ഒരു ബോർഡിലേക്ക് വിരൽ ചൂണ്ടി. അദ്ദേഹത്തെ ആദ്യം കാണാൻ ചെന്നപ്പോൾ തന്നെ ഞാൻ ആ ബോർഡ് ശ്രദ്ധിച്ചിരുന്നു: 'പ്രസംഗം ഇല്ല' എന്നാണ് അതിലെ എഴുത്ത്.

'വേണ്ട' ഞാൻ പറഞ്ഞു. പ്രസംഗം വേണ്ട. എന്നാൽ പുസ്തകം അങ്ങ് തന്നെ പ്രകാശനം ചെയ്യണം.

പറ്റില്ലെന്ന് മേനോൻ സാർ.

ഇത് അങ്ങയുടെ ഉത്തരവാദിത്തമാണെന്ന് ഞാൻ തർക്കിച്ചു.

തൃശ്ശൂരിൽ വേറെ ആരുണ്ട് എന്നാണ് എന്റെ മറു ചോദ്യം.

ഞാനെന്ന പീറ ചെക്കന്റെ ആവേശം കണ്ടിട്ടാകണം അദ്ദേഹം ഒന്ന് പുഞ്ചിരിച്ചു. വരാമെന്ന് ഏറ്റു. ഒരിക്കൽ കൂടി 'പ്രസംഗം ഇല്ല' എന്ന ബോർഡിലേക്ക് വിരൽ ചൂണ്ടി. അത് സമ്മതിച്ചെന്ന് ഞാനും തലയാട്ടി.

കേരള സാഹിത്യ അക്കാദമിയിലെ വൈലോപ്പിള്ളി ഹാളിലാണ് ചടങ്ങ് നിശ്ചയിച്ചിരുന്നത്. മേനോൻ സാർ സമയത്ത് തന്നെ ഹാളിൽ എത്തി. ആശംസ പ്രാസംഗികരിൽ, നിരവധി നർമ്മ പുസ്തകങ്ങളുടെ രചയിതാവായ ബിഷപ്പ് മാർ അപ്രേം ഉണ്ടായിരുന്നു. പുസ്തക പ്രകാശനം കഴിഞ്ഞ് ആശംസകൾ നേരും നേരം, ഏവരെയും ചിരിപ്പിച്ച് ചിന്തിപ്പിക്കുന്ന ബിഷപ്പ് എന്നെ വല്ലാതെ ആക്രമിച്ചു. എന്റെ പുസ്തകത്തിൽ സെക്സ് കണ്ടന്റ് ഉണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ വിമർശനത്തിന് ആധാരം. ആദിവാസി ആണെങ്കിലും മനുഷ്യനാണെന്നും മനുഷ്യന്റെ കഥ പറയുമ്പോൾ ലൈംഗികത ഉൾച്ചേർന്നിരിക്കാം എന്നുമുള്ള എന്റെ മറുപടി കേൾക്കാൻ അദ്ദേഹം നിന്നില്ല.

അതും കേട്ടശേഷം പോകാനെഴുന്നേറ്റ മേനോൻ സർ, എന്റെ പുറത്ത് മെല്ലെയൊന്നു തട്ടിയതും കണ്ണുകൾ പതുക്കെ ചിമ്മി തുറന്നതും സമ്മാനിച്ചതിനപ്പുറമുള്ള സാന്ത്വനം പിന്നെയൊരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല.



നക്ഷത്രക്കൂട്ട് കവിതക്ക്

പ്രചോദനമായ ചിത്രം: സന്ധ്യ. ഇ


സന്ധ്യ ഇ

കവിത

# നക്ഷത്രക്കൂട്

ഏകാന്തമായ രാത്രി - ദുഃഖ പൂർണ്ണം
ഭൂമിയും ആകാശവും ഉറങ്ങുന്നു
ഉണർന്നിരിക്കുന്ന ഒരേ ഒരാൾ ഞാൻ മാത്രമാവാം.
ഞാൻ വല്ലാതെ ഒറ്റപ്പെട്ടിരിക്കുന്നു
ഞാനാരെന്നോ എന്തെന്നോ അറിഞ്ഞിരുന്നവർ മുഴുവനും ഇവിട
ന്നപ്രത്യക്ഷരായിക്കുന്നു
അല്ലെങ്കിൽ അവർ ഉറങ്ങുകയോ
ഉറക്കം നടിക്കുകയോ ചെയ്യുന്നു
പുറന്തള്ളപ്പെട്ടവരുടെ നോവുകൾ
ചേക്കേറാൻ ചില്ല തേടുന്ന പക്ഷികളാണ്
ഞാൻ പുറത്തിറങ്ങിയലഞ്ഞു
എന്റെ കാലുകൾ എന്നെ ഒരു സെമിത്തേരിയിലെത്തിക്കുംവരെ
ഏകാകികൾക്ക് പറ്റിയ ഇടം
ആരും ശല്യപ്പെടുത്തുകയില്ല; ആരും കുലുക്കി ഉണർത്തുകയില്ല
ചുറ്റുമുള്ള വിറങ്ങലിച്ച മരങ്ങളിൽ ഇലകൾ
മരണം എന്ന ഒരേ ഒരു വാക്ക് എഴുതിക്കൊണ്ടിരുന്നു
അകലെയാകാശത്ത് അസ്തമിക്കാൻ മറന്നോ
ഉദിക്കാൻ മടിച്ചോ ചന്ദ്രബിംബം വെറുതെ നിൽക്കുന്നു
ശ്വാസംമുട്ടിയപോലൊരു കാറ്റ് കിതക്കുന്ന ശബ്ദം.
ഞാനിപ്പോളൊരു കെട്ടിടം കാണുന്നു
വർഷങ്ങളായി
ആരും തുറക്കുകയോ അടക്കുകയോ ചെയ്യാത്തതിനാൽ
മരിച്ചു പോയ ഒന്ന്
കുമ്മായമടർന്ന അതിന്റെ ചുമരുകളിൽ
ഇരുട്ട് മാറാലയോടു ചേർന്ന് കട്ടപിടിച്ചു കിടക്കുന്നു
പൊളിഞ്ഞ മേൽക്കൂരയിൽ തൂങ്ങിക്കിടന്ന്
വവ്വാലുകൾ വിഷാദികൾക്ക് സ്തുതിഗീതം പാടുന്നു
പേരറിയാത്തൊരു ജീവിയുടെ ഒറ്റക്കണ്ണ് തിളങ്ങുന്നു
അപ്പോൾ പൊടുന്നനേ
എനിക്ക് ജീവിതത്തോട് കടുത്ത ആസക്തി തോന്നി
തിരിഞ്ഞു നടക്കാനും ചലനമുള്ള എന്തിനെയോ
ആഞ്ഞു പുൽകാനും ചുംബിക്കാനും കൊതിയായി
അതുകൊണ്ടാവും ആ പഴയ കെട്ടിടത്തിന്റെ ജനൽ
ആരോ തള്ളിയാലെന്നപോലെ തുറന്ന്
ആയിരക്കണക്കിന് ചെറിയ, വലിയ നക്ഷത്രങ്ങൾ
തുരുതുരാ ഉതിർന്നു വീഴാൻ തുടങ്ങിയത്
ഹോ! എന്തൊരു മണമുള്ള നക്ഷത്രങ്ങൾ
മുല്ലപ്പൂമണം! കൈതപ്പൂമണം, പാരിജാതപ്പൂമണം
കൈക്കുമ്പിളിൽ വാരിയെടുത്തവ
ഞാൻ നെഞ്ചോട്, കണ്ണോട് ചേർത്തു
അവയെന്നോട് പറ്റിക്കിടന്നു
എന്റെയുള്ളിൽനിന്ന് അവസാനത്തെ കണ്ണീരും പെയ്തുതീരുംവ
രെ അവയങ്ങനെ അടർന്നു വീഴുമെന്നുറപ്പായതിനാൽ
ഞാൻ നിറഞ്ഞുചിരിച്ചു.

# ഗന്ധമാദനം



കവിത

നീ നിരന്തരം നിറഞ്ഞു
പൊതിയുന്നതാണെന്റെ ഗന്ധം.

ഉടൽ മുഴുവൻ ചിതൽമണ്ണിന്റെ പശിമ
തുന്നി എരിവരച്ചു ചേർക്കുന്ന ജീവിതം.

ശ്വസമടക്കിപ്പിടിച്ചെന്റെ വേരുകൾ
 നിന്നെ തേടിയലയുമ്പോൾ
കത്തിയ പകൽ
പിടഞ്ഞു വീഴുന്ന പുഴക്കരയിൽ,
കരിയിലയിളക്കങ്ങളുലയുന്ന
കാറ്റിൻ തോണിയിൽ,
വിരൽതുമ്പിൽ തൂങ്ങിയാടുന്ന
ഓർമ്മയൂഞ്ഞാൽ.

കനൽപേടകത്തിലെ അകത്തളത്തിൽ
വെന്തുപോയ അക്ഷരങ്ങൾ പൂവിട്ട
ചെത്തിയിൽ,
ഉഛ്വാസ ക്കൊടുമുടിയിൽ
നീ ഉപേക്ഷിച്ച
വ്യാമോഹമുറിവുകൾ .

കരുണയുരുകിയ
കൺവെളിച്ചത്തിന്റെ  നീലിച്ച ഓളങ്ങൾ
നിലച്ച അന്തർദാഹപ്പരപ്പലെ
കടലാസു വഞ്ചിയിൽ  കാലം കടവിൽ
ഒറ്റയ്ക്കു നിൽക്കുന്നു.

നിശബ്ദത ഞൊറിഞ്ഞുടുത്ത
ഉടയാടകളിലെ ചിത്രശലഭങ്ങൾ
ചിറകുവിരിയ്ക്കുന്ന സന്ധ്യയിൽ,
പ്രണയ ശീലുകൾ മറന്നു വച്ച
തളിർപ്പുകളിൽ വേരറുത്തിട്ട കാണ്ഡത്തിൽ
തിരുത്തിയെഴുതിയ ജൈവസിംഫണി.

പല മണങ്ങൾ കുടിച്ച്
നിരാമയമൗനത്തിലേക്ക്
ഇപ്പോൾ
ഒരു ഒറ്റമരം
 ഗ്രീഷ്മത്തിന്റെ
കച്ച മാറിയുടുക്കുന്നുണ്ട്.



സുഭാഷ് പോണോളി

# ഫ്യൂഷൻ

കവിത

പ്രണയമഞ്ഞിന്റെ മൗനത്തിനിടയിലും-
ജലതരംഗസ്വരത്തിൻ മൃദുസ്വനം!
മിഴിയിലല്പം പടർന്ന് താഴേക്കിറ്റ്-
പതിയെ വീഴുന്ന കണ്ണുനീർത്തുള്ളികൾ

മഷി പടർന്ന ചിത്രം, കവിൾച്ചോപ്പിലെ-
പുതിയ ഫ്യൂഷൻ പതിഞ്ഞ ഹൃദ് സ്പന്ദനം
വിരലിൽ നിന്നൂർന്ന് വീഴുന്ന പൂവിന്റെ-
സ്മൃതിദലം വീണ മൺചിത്രമണ്ഡപം.

പലയിടങ്ങളിൽ ചുറ്റി കായൽക്കാറ്റിലി-
ളകിയാടുന്ന സഞ്ചാരനൗകയിൽ-
ഒഴുകുമോളങ്ങൾ തൊട്ടുപോകും ലയം,
കടവിലാരോ തനിച്ച് പാടും സ്വരം..

കനവിൽ മഞ്ചാടിമരമുതിർന്നാതിര-
പ്പുലരിയിൽ കിളിക്കൂടിന്റെ സംഗ്രഹം!
ഭ്രമണമണ്ഡപം സംയോജനത്തിന്റെ
മധുരവാദ്യസ്വരസ്ഥാനസംഗമം..

കടലെടുക്കുന്നു സിത്താർ, മഴക്കാറ്-
പതിയെ മീട്ടുന്നു സാരംഗി, കാറ്റിന്റെ-
തബല, പിന്നെ മൃദംഗവാദ്യം, മേഘ-
ഭ്രമമതിൽ നിന്നുയർന്ന പെരുമ്പറ..

ചെറിയ നീർച്ചാലിനുറവയിൽ നിന്നുതിർ-
ന്നൊഴുകിയെത്തും സമുദ്രസങ്കീർത്തനം.
തിരകൾ ഹാർമോണിയം, മണൽ ഗുങ്ഗുരു,
തനിയൊരാവർത്തനത്തിന്റെ സന്ധ്യകൾ


പ്രണയഫ്യൂഷൻ ദിഗന്തമേലാപ്പിലെ
തെളിയുമോരോ കനൽത്തിരിപ്പൂവുകൾ
ഇമയനക്കം പതിഞ്ഞ സ്വപ്നത്തരി,
ഹൃദയനാട്ടുവാംഗം വർണ്ണമാലിക.

ജനനശ്വാസനിശാസരാഗത്തിന്റെ-
ലയനകാലം പ്രപഞ്ചസന്തൂറുകൾ,
ഭ്രമമതിൽ വിഭ്രമത്തിന്റെ മാറ്റൊലി,
ദ്രുതമതിൽ നിന്നതിദ്രുതാശ്ലേഷങ്ങൾ.

ഒടുവിലന്ത്യോദകത്തിൻ ചിതാഞ്ജലി-
സ്വനമതഗ്നിനാളത്തിന്റെ മേളനം
സഹനമൊരു നേർത്ത താരാട്ട് പാട്ടിന്റെ
വിരഹതാളം, വിലാപം, പുനർജനി...



രമാ പിഷാരടി





ഡോ. അജയ് നാരായണൻ

# കണക്കെടുപ്പ്

ഉരുകിയുരുകിയുൽക്കയായ്
വീണടിയുന്ന വേവുകൾ
ഉള്ളിൽ തറയ്ക്കുന്നതറിഞ്ഞിട്ടും
പിൻവാങ്ങുകയായിരുന്നു നീ
കടലലപോലെയാരോമലേ,
ഒരിക്കലും കാണാതിരിക്കുവാനായ്.

ആർദ്ര വിഷാദത്തിന്നരണിയെ
ഘർഷണാഗ്നിയിൽ മയക്കി
ആളിപ്പടർത്തിയതോ,
കല്പനകളുടെ പരപ്പിലുരച്ചു
മിനുസമാർന്ന മൺതരികളെ
നീറ്റിനീറ്റി ഉണർത്തിയതോ,
മുറിവാക്കുകളേതോ കുറിച്ച്
അകലേക്കു മറഞ്ഞതെന്തേ
മുറി കൂടാത്തയോർമകളെ
തനിച്ചാക്കിയെന്തെ നീ
അറിയാതെയറിയാതെ തൊട്ടുണർത്തി?

നോക്കൂ, നിന്നിലെയൂഷ്മളമാം
നുരകൾ അപാരതീരം തേടി
മറഞ്ഞ നേരം
കടൽഞണ്ടുകൾ
മണലാഴത്തിൽനിന്നും
മൺപ്രതലത്തേക്കിഴഞ്ഞതിൻ
കുഴിപ്പാടുകളെണ്ണിയെണ്ണി
ഒന്നല്ലൊരായിരം രാവുകളങ്ങനെ
മറഞ്ഞുവല്ലോ,
കാർന്നുതിന്നസ്ഥിമാത്രമായി
തീരത്തടിഞ്ഞ പായ്ക്കപ്പലിൻ ജഡം!

അതിന്റെയമരത്തിരുന്നു
ചുണ്ടു പിളർത്തും പക്ഷി ഞാൻ,
അതിന്റെയണിയത്തു
തൂങ്ങിക്കിടക്കുന്ന പ്രതീക്ഷ നീ!

വിട പറയും മുൻപ് നീ മന്ത്രിച്ച
വാക്കുകൾ, ശ്വാസത്തിലൂർന്ന
വിചാരങ്ങൾ, കണ്ണിലൂറിയ
ചെറുനീരിൻ തിളക്കം, വിറവാർന്ന
കൈനഖപ്പാടാലമർന്ന സ്പർശങ്ങൾ
അകന്ന കാൽപ്പാടുകൾ
സകലതുമോർത്തെടുത്തടു-
ക്കി വയ്ക്കുകയായിരുന്നു.

നാളെ ഞാനുമീയുൽക്ക തീർത്ത
തീയിലുരുകുമ്പോൾ
ഒരിക്കലെങ്കിലുമൊരു ജലകണത്താൽ
തർപ്പണം ചെയ്യുവാൻ
കാർമേഘമായണയുമോ
മോചനം നൽകുമോ, അതിന്നോർമയിൽ
രാവുകളെ വീണ്ടുമെണ്ണട്ടെ ഞാൻ,
ഓടിവന്നെത്തിയെന്നെ തൊട്ടുതൊട്ടകലുന്ന
തിരകളെണ്ണട്ടെ ഞാൻ!

---

* The last meeting theory എന്നൊരു സിദ്ധാന്തമുണ്ട്. ഒരിക്കലുമിനി കാണില്ലെന്നറിയാതെ വേർപിരിയുന്നവർ തമ്മിലൊരു ബന്ധം അവരെ പുതുക്കുന്നുണ്ട്. അതാണ് കണക്കെടുപ്പ് എന്ന ചിന്തയുടെ ഉറവിടം.

# ഉടുമുണ്ട്



രാജൻ സി എച്ച്



മുണ്ടുടുക്കുമ്പോൾ
അതഴിഞ്ഞുപോയാലോയെന്ന
പേടിയായിരുന്നു ആദ്യം.
ഉടുത്തുടുത്ത്
അഴിഞ്ഞുപോകാതെ ചുറ്റാനായി.
ജീവിതമോ
അങ്ങനെയേയല്ല.
അഴിഞ്ഞുപോകാനിടയില്ലെന്നായിരുന്നു
ചെറുപ്പകാലത്ത്.
അത്രയും മുറുക്കിക്കെട്ടിയ പോലെ.
പിന്നീടുള്ള വളർച്ചയിലാണ്
അഴിഞ്ഞുപോയാലോയെന്ന
പേടിയായത്.
എങ്ങനെ ചുറ്റിയാലും
അഴിഞ്ഞുപോകാനിടയുണ്ടെന്നായി.
മുണ്ടെന്നാൽ അഴിച്ചു ചുറ്റാം.
ജീവിതമോ?

# ആത്മാവിന്റെ വാതിൽ

കവിത

പിരിഞ്ഞുപോയതിൽ പിന്നെ
ഞാൻ നിന്നെക്കുറിച്ച് എന്തെഴുതും,
എന്നിൽ നിന്നും ഞാനറിയാതെ
അടർന്നുപോയ ജീവിതമെന്നോ...,
ആകാശത്തോളം പാറുമ്പോൾ
അറ്റുപോയ ചിറകുകളെന്നോ...

പറയാനാകാത്ത ഭാഷയെന്നോ
പാടാനാകാത്ത കുയിലെന്നോ
നിന്നെ എനിക്കെഴുതാനാകും ,
ഞാൻ പക്ഷേ നിന്നെ
എഴുതിയത് മനസ്സിലായിരുന്നു,

മോഹിച്ചു മോഹിച്ചു നിരാശയുടെ
നീണ്ട ചരടിൽ തൂങ്ങിമരിച്ചൊരു
കവിതയിലായിരുന്നു,
ബന്ധങ്ങളറ്റപ്പോഴും കാത്തിരുന്ന
ഘടികാരം നിലച്ച മനസ്സിലായിരുന്നു,

ഒടുവിൽ നിരാശയുടെ
കറുത്തവാവിൽ വിഷം കുടിച്ച
നിലാവിൽ ഞാൻ നിന്നെയെഴുതി...
എന്റെ അവസാനത്തെ
ആത്മനിർവൃതിയുടെ ശ്വാസത്തിന്റെ
ചിന്തകളുപേക്ഷിച്ചറിയാത്തൊരു
ലോകത്തേക്ക് കാലം കടന്നപ്പോൾ
നീയും ഞാനും ഒറ്റയ്ക്കായിരുന്നു,

എന്നിൽ നിന്നും അകന്നുപോയ
ശ്വാസത്തിടുവിലും നിന്നെ
കുറിച്ച് ഞാനെഴുതിവച്ചു .,
ആത്മഹത്യയ്ക്ക് തൊട്ടുമുമ്പ്
ഓർമ്മയിൽ തെളിഞ്ഞുനിന്ന
ആത്മാവിനെ തണുപ്പിച്ചൊരു
ജീവിതത്തിന്റെ പുഞ്ചിരിയെന്ന്....!



**നിബിൻ കള്ളിക്കാട്**




കവിത

# വീണ്ടെടുപ്പുകൾ



ജയപാലൻ കാര്യാട്ട്

വീണ്ടെടുപ്പിൻ വിചിത്രപാദങ്ങളിൽ
ആണ്ടിറങ്ങി കുതിക്കുവാനുൾവിളി
രാവൊടുങ്ങി ചിതാഭയിലംബരം
കാവ്യനീതി പുലർന്നു പുലരിയായ്.
തേരിലേറിക്കുതിക്കുന്ന മോഹങ്ങൾ
ചേരിയിൽ നിരന്നാഘോഷ പൂരമായ്.
പാടും പാണ പ്രകീർത്തനം നാൾക്കുനാൾ
നാടുനീളേ നിരക്കുമാവർത്തനം.
വാതിലെന്നും അടഞ്ഞതിലാഞ്ഞിടി-
ച്ചേകുമാത്മ സമർപ്പണ രേഖകൾ
കാടുകേറിക്കിതക്കുന്ന ചിന്തകൾ
കൂടിയാടി കൊതിപാറ്റും നാളുകൾ.
കൂട്ടുകൂടുവാനാശിച്ച പൈങ്കിളി
കൂട്ടുതെറ്റിപ്പറന്നു വാനങ്ങളിൽ.
ആഞ്ഞടിക്കും തിരപ്പുറത്താകുലാൽ
മാഞ്ഞുമായുന്ന മോഹക്കുരുന്നുകൾ.
കൂട്ടിനാരുണ്ട് തേടുന്നനന്തമായ്
പൂട്ടിവെക്കുവാനാശിച്ചൊരാശകൾ.
താരകങ്ങൾ കൺചിമ്മുന്ന മാത്രയിൽ
ആരവങ്ങളുൾച്ചേർന്നൊരു മിന്നലായ്.
നീതിതേടിത്തളർന്ന പാദങ്ങളിൽ
പാതിരാവിൽ പുണർന്നെത്തും സാന്ത്വനം
നീളുമെന്നും അനന്തമായ് പാതകൾ
ആളുമന്തരാളങ്ങളിൽ ജ്വാലയായ്.
കൂട്ടിവെച്ചതിൻ കെട്ടഴിച്ചെണ്ണിയും
കൂട്ടിമുട്ടുവാനാകാതെ കണ്ണികൾ!



# സ്മൃതിപ്പൂക്കൾ



ഹാജറ കെ എം




ഒരോണം കൂടി വരവായി
നേർത്ത നിലാവിന്റെ ഓരോ
ഇലക്കീറിലും എന്തിനോ
മിഴികൾ പരതി

പതിവുപോലെ
കാലീ എന്തോ ഓർമ്മിപ്പിച്ചു കൊണ്ട്
ഒരു പിടി സ്നേഹപ്പൂക്കൾ
എനിക്കായ് പൊഴിച്ചിട്ടുണ്ട്

നിന്റെ വീട്ടിലെ അകത്തളവും
നമ്മൾ വരിയും നീരയുമായിരുന്ന
ചുമരരികും
മുമ്പിൽ വിരിച്ച ഇലയും
അവിടെ നിറഞ്ഞ പുഞ്ചിരിയോടെ
സ്നേഹ വിളമ്പലുകളിൽ തിളങ്ങുന്ന
നിന്റെ അമ്മയും
എന്റെ കണ്ണുകളിൽ ഈറൻ നിറച്ചു...
എന്റെ തട്ടത്തിൽ തുടച്ച നിന്റെ
കൈയ്യുടെ സ്നേഹ
മണം
ഇപ്പോഴും ഒരു നഷ്ടമായി എന്നെ
വീർപ്പുമുട്ടിക്കുന്നത്
നീയറിയുന്നില്ലല്ലോ ......

മണ്ണിൽ വരച്ച കളങ്ങളിൽ നിറഞ്ഞ
പൂക്കൾക്കുമപ്പുറം
മണ്ണിലലിയാത്തൊരാത്മാവ്
എന്നെ നോക്കി ചിരിക്കുന്നതു പോലെ
അതാരാണെന്ന് നിനക്കറിയാം
എനിക്കും -
ഇനി നമുക്കായ് ഒരോണവുമില്ലെങ്കിലും ....

# കനലാഴം



നിജി പെബി

രാവിരുളിൽ കൈ കോർക്കുമ്പോഴെല്ലാം
നിന്റെ നിഴലിൽ ശ്വാസനിശ്വാസങ്ങൾ
ശ്രുതി ചേർത്തു ഞാൻ നിന്നെ പാടാറുണ്ട്.......
നിന്റെ വാക്കുകൾ തീ പിടിച്ച്
എന്റെയുള്ളിലേക്ക് കനലായ്
കുതിക്കാറുണ്ടെങ്കിലും അധരങ്ങൾ
അങ്ങേയറ്റം മധുരമാം നനവറിയാറുണ്ട്.........
നിന്റെ മിഴിക്കോണിൽ ഒരു
അഗ്നിയായ് ഞാനെരിയുന്നേരം
ഉടലിൽ കുടമുല്ലകൾ പൂക്കാറുണ്ട്.........
കനലാഴത്തിന്റെ നിറങ്ങളിൽ മിഴി
പൂട്ടുമ്പോൾ മുകിൽക്കീറിനുള്ളിലെ
ആമ്പൽ മൊട്ടിനെ നിലാവുമ്മവച്ചു
പൊള്ളിക്കാറുണ്ട്........
ഞാൻ ചുംബിച്ച പകൽ സൂര്യനെ
നിന്റെ കനലഴകിൽ കാണുമ്പോൾ
നിന്നിലെ എന്നെ തേടാറുണ്ട് !



# കടലും ആകാശവും

ഷംല ആവള



പ്രകൃതിയുടെ
രണ്ടറ്റത്തിരുന്നു പങ്കിടുന്ന
മനോഹരപ്രണയം..

ഒരിക്കലും
ഒന്നിക്കില്ലെന്നറിയുമ്പോഴും
സൂര്യന്റെ
ഉദയാസ്തമയ നേരങ്ങളിൽ
ഒഴുകുന്ന പ്രണയത്താലിരുവരും
ചുവന്നുതുടുത്തിടുന്നു...

ആകാശം കരയുമ്പോൾ
കടലിന്റെയുള്ളം കലുഷിതമാകുന്നതും
ഹൃദയത്തിൽ അലിയുന്ന
പ്രണയത്താലല്ലേ?

മേഘക്കീറിൽ തെളിയുന്ന
നീലാകാശം തുടുക്കുമ്പോൾ
തിരമാലകളാനന്ദത്താൽ
നൃത്തം വെക്കുന്നതും
പ്രണയം പൂത്തുനിൽക്കുന്നതാണല്ലോ...

കടലിൽ തെളിയുന്ന
താരകങ്ങൾ
ആകാശത്തിന്റെ
ദൂതുമായ് വന്നതാവുമോ?

മേഘങ്ങൾ കണ്ണീരായി
കടലിൽ അലിയുമ്പോൾ
ഹൃദയാഴങ്ങളിൽ പുണർന്നവയെ
മാറോടടുക്കിവെക്കും..

അകലെയാണെങ്കിലും
ഒന്നാണ് നാം...
ഹൃദയം കൊണ്ടടുത്തുള്ള
ആത്മാവു നാം...



# ഓണ മലരുകൾ



എ. കെ. അനിൽകുമാർ

വന്നൂ വീണ്ടുമൊരു ഓണക്കാലം
ഓർമ്മയിലെത്തുന്നുവാ സുന്ദര കാലം.
സഖീ,യന്നുനമ്മളൊന്നായി തൊടികളിൽ
പൂക്കളിറുത്തു നടന്നൊരു ബാല്യം...

തുമ്പപ്പൂവെന്നു കരുതി,യന്നുനീ
തൊട്ടാവാടിപ്പൂവിനെ നുള്ളുന്ന നേരം
മുള്ളുകൊണ്ടു നിൻ വിരൽത്തുമ്പിലിറ്റിയ
ചോരപ്പാടുകൾ ഞാനൊപ്പിയതോർമ്മയില്ലേ...

വട്ടത്തിൽ പൂവുകൾ മുറ്റത്തു വെയ്ക്കുന്ന നേരം
പൂ തികയാതെ നീ മെല്ലെ ചിണുങ്ങിയ നേരം
പൊൻവെയിൽ വെട്ടത്തിൽ തിളങ്ങി നിൻ
കവിൾത്തുമ്പിലപ്പോഴൊരു പുതുപ്പൂക്കാലം...

ഇന്നു നമ്മളൊന്നായി നമ്മുടെ മുറ്റത്തു
വീണ്ടുമൊരു പൂക്കളമൊരുക്കുന്ന നേരം
കണ്ടു ഞാൻ നിൻ കവിൾത്തുമ്പിലന്നത്തെയാ
പൂക്കാലത്തിൻ വാടാ മലരുകളിപ്പൊഴും...

# മൂന്നു കവിതകൾ



ബഷീർ
മുളിവയൽ

## പക്ഷേ..

നനവുള്ളിടത്തേക്ക് വേരുകൾ നീട്ടി
ആവശ്യമുള്ളതെല്ലാം വലിച്ചെടുത്ത്
പടർന്നു പന്തലിച്ചു
എന്ത് കേട്ടാലും തലകുലുക്കി
കാണുന്നവർക്കെല്ലാം പൂവ് നീട്ടി
തന്നെ വെട്ടാൻ വരുന്നവനെപ്പോലും തണല് നൽകി
ജീവിക്കാൻ എളുപ്പമാണ്
പക്ഷേ
നിന്നിടത്ത് നിന്ന് ഒരടി മുന്നോട്ട്
പോകില്ല, മരങ്ങളെപ്പോലെ


തിന്മയെ എതിർത്തവർക്കും ,
അനീതിക്കെതിരെ പോരാടിയവർക്കും
അവകാശങ്ങൾക്ക് വേണ്ടി
സമരം ചെയ്തവർക്കും
ജീവിതം ദുസ്സഹമായിരിക്കാം
പക്ഷേ
അവരാണ് മനുഷ്യരെ മുന്നോട്ട് നയിച്ചത്.

## ബോധ്യം


അന്ന് അർദ്ധരാത്രി കിട്ടിയ സ്വാതന്ത്ര്യം
സ്വപ്നമായിരുന്നുവെന്ന്
ഉണർന്നവർക്ക് ബോധ്യമായി
ഉണരാത്തവരെ മനസ്സിലാക്കാൻ
ഉണരുംവരെ കാത്തിരിക്കുകയല്ലാതെ
മറ്റ് വഴിയില്ല

## നന്ദികേട്


അശ്രദ്ധകൊണ്ട് വേര്
തടഞ്ഞുവീണ ദേഷ്യത്തിൽ
മരത്തെപ്പഴിക്കുമ്പോൾ -
ആരും ഓർക്കാറില്ല
സുഗന്ധം നൽകിയ പൂക്കളെയും
തണലേകിയ ഇലകളേയും
മധുരിച്ച കായകളേയും .



# ഓണം മറന്ന വീടുകൾ



ലാവണ്യ മുല്ലശ്ശേരി




ഓണം ഒരു കാത്തിരിപ്പാണ്. മുറ്റത്ത് വിരിയുന്ന പൂക്കളെക്കാൾ മുമ്പേ മനസ്സിൽ വിരിയുന്ന സന്തോഷമാണ്. ഓർമകളെ ഉണർത്തുകയും ബന്ധങ്ങളെ വീണ്ടും തൊട്ടുണർത്തുകയും മനുഷ്യനെ അവന്റെ വേരുകളിലേക്ക് മടക്കിക്കൊണ്ടുപോകുകയും ചെയ്യുന്ന ഒരു സാംസ്കാരിക അനുഭവമാണ് ഓണം. അതുകൊണ്ടുതന്നെ ഓരോ ചിങ്ങവും ആഘോഷങ്ങളുടെ നിറങ്ങളെന്നതിനുപരി ജീവിതത്തിന്റെ നിറങ്ങളും നമ്മുടെ മുന്നിൽ തുറന്നുവയ്ക്കുന്നു.

എന്നിട്ടും, എല്ലാ വീടുകളിലും ഓണം എത്തുന്നില്ല. ചില വീടുകളുടെ പടിവാതിൽക്കലോളമെത്തി അത് നിശ്ശബ്ദമായി തിരിച്ചുപോരുന്നു.

ഉത്സവങ്ങൾ ഒരു സമൂഹത്തിന്റെ സന്തോഷങ്ങളെ മാത്രമല്ല അടയാളപ്പെടുത്തുന്നത്. അതിന്റെ നിശ്ശബ്ദതകളെയും വെളിപ്പെടുത്തുന്നുണ്ട്. ഒരു ആഘോഷത്തിന്റെ യഥാർഥ അർഥം മനസ്സിലാകുന്നത്, ആഘോഷിക്കാൻ കഴിയുന്നവരെ നോക്കുമ്പോഴല്ല, ആഘോഷങ്ങളിൽ നിന്ന് നിശ്ശബ്ദമായി അകന്നുനിൽക്കുന്ന ജീവിതങ്ങളെ കാണുമ്പോഴാണ്. ഓരോ ആഘോഷത്തിനും ഒരു തെളിഞ്ഞ മുഖമുണ്ട്. അതുപോലെ തന്നെ അധികം സംസാരിക്കപ്പെടാത്ത മറ്റൊരു മുഖവുമുണ്ട്.

## ഓണവും അതിൽ നിന്ന് വ്യത്യസ്തമല്ല

പൂക്കളങ്ങളുടെ ഭംഗിയും സദ്യയുടെ സമൃദ്ധിയും ഓണക്കോടിയുടെ പുതുമയും നിറഞ്ഞ കാഴ്ചകളാണ് സാധാരണയായി ഓണത്തിന്റെ അടയാളങ്ങളായി മാ

റുന്നത്. എന്നാൽ ആ നിറങ്ങൾക്കിടയിൽ ആരും ശ്രദ്ധിക്കാതെ പോകുന്ന ചില വീടുകളുണ്ട്. പുറമേ നോക്കുമ്പോൾ മറ്റെല്ലാ വീടുകളെയും പോലെ തോന്നുമെങ്കിലും, ഉള്ളിൽ ഓർമ്മകളുടെയും കാത്തിരിപ്പിന്റെയും പറയാതെ വെച്ച വേദനകളുടെയും നിശ്ശബ്ദത നിറഞ്ഞ ജീവിതങ്ങൾ. അവിടെയും ഓണം കടന്നുവരും; പക്ഷേ ആഘോഷമായല്ല, ഒരു ഓർമയായോ ഒരു അഭാവമായോ ഒരു ദീർഘനിശ്വാസമായോ.

ഓണത്തെക്കുറിച്ച് പറയുമ്പോൾ, ആ വീടുകളെക്കുറിച്ചും പറയേണ്ടതുണ്ട്. കാരണം, ഒരു ഉത്സവത്തിന്റെ പൂർണത അതിന്റെ ആഘോഷങ്ങളിൽ മാത്രമല്ല, ആഘോഷങ്ങളിൽ നിന്ന് വിട്ടുപോകുന്ന മനുഷ്യരെയും ചേർത്തുപിടിക്കാൻ അതിന് കഴിയുന്നിടത്താണ്.

## ജീവിതത്തിൽ ചില നഷ്ടങ്ങൾക്കു ശേഷം ഉത്സവങ്ങളുടെ അർഥം മാറിപ്പോകും.

ഒരു മരണത്തിനുശേഷം വീട്ടിലെ ഓരോ ആഘോഷവും അല്പം മങ്ങും. അത് പുറത്തുനിന്ന് കാണുന്നവർക്ക് മനസ്സിലാകണമെന്നില്ല. പക്ഷേ ആ വീട്ടുകാർക്ക് അറിയാം, മുമ്പ് എല്ലാവരും ചേർന്നിരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു നിശ്ശബ്ദത സ്ഥാനം പിടിച്ചിട്ടുണ്ടെന്ന്. ഭക്ഷണമേശയിലെ ഒഴിഞ്ഞ കസേര ഒരു ജീവിതത്തിന്റെ അഭാവമാണ്. ഉത്സവദിവസങ്ങളിൽ ആ അഭാവത്തിന് കൂടുതൽ ഭാരം തോന്നും.

നഷ്ടം മരണത്തിലൂടെ മാത്രം സംഭവിക്കുന്നതല്ല. ചിലർ ജീവനോടെയുണ്ടായിട്ടും ജീവിതത്തിൽ നിന്ന് അകന്നുപോകും. ജോലി തേടി കടൽ കടന്നുപോയ മക്കൾ. വർഷങ്ങളായി വീട്ടിലെത്താൻ കഴിയാത്ത പ്രവാസികൾ. ബന്ധങ്ങളുടെ വിള്ളലിൽ സംസാരിക്കാതായ സഹോദരങ്ങൾ. ഒരേ നഗരത്തിൽ താമസിച്ചിട്ടും അപരിചിതരായി മാറിയ ബന്ധുക്കൾ. ഇവരൊക്കെയും ഓരോ വീട്ടിൽ ഓരോ തരത്തിലുള്ള ശൂന്യതകളാണ് സൃഷ്ടിക്കുന്നത്. ഉത്സവങ്ങൾ ആ ശൂന്യതകളെ കൂടുതൽ തെളിച്ചത്തോടെ കാണിച്ചുതരുന്നു.

## ഇന്നത്തെ ഓണത്തിന് മറ്റൊരു പ്രത്യേകതയുണ്ട്

മുമ്പ് ആഘോഷം വീടുകളിൽ നിന്നാണ് പുറത്തേക്ക് ഒഴുകിയിരുന്നത്. ഇന്ന് അത് പലപ്പോഴും ചിത്രങ്ങളിലൂടെയും സ്ക്രീനുകളിലൂടെയും നമ്മുടെ മുന്നിലെത്തുന്നു. പൂക്കളത്തേക്കാൾ അതിന്റെ ഫോട്ടോയ്ക്ക് പ്രാധാന്യം ലഭിക്കുന്നു. സദ്യയേക്കാൾ അതിന്റെ അവതരണത്തിന്. സന്തോഷം അനുഭവിക്കുന്നതിനെക്കാൾ അത് മറ്റുള്ളവരെ കാണിക്കുന്നതിനാണ് നാം കൂടുതൽ സമയം ചെലവഴിക്കുന്നത്. ഈ മാറ്റം സ്വാഭാവികമായിരിക്കാം.

ഓണത്തിന്റെ ഐതിഹ്യത്തിൽ മഹാബലി എല്ലാ മനുഷ്യരെയും ഒരുപോലെ കണ്ട രാജാവാണ്. സമത്വവും പങ്കുവെക്കലും ആ കഥയുടെ കേന്ദ്രമാണ്. അതുകൊണ്ടുതന്നെ ഓണം ഒരു ഉത്സവത്തിനപ്പുറം ഒരു സാമൂഹിക സങ്കൽപ്പവുമാണ്. എല്ലാവർക്കും ഇടമുള്ള ഒരു ലോകം എന്ന സ്വപ്നം. എന്നാൽ ഇന്ന് ആ സ്വപ്നത്തിൽ നിന്ന് നാം എത്ര അകലെയാണെന്ന് മനസ്സിലാകുന്നത് ഓണമില്ലാത്ത വീടുകളെ ഓർക്കുമ്പോഴാണ്.

ഓണമില്ലാത്ത വീടുകൾ എല്ലായ്പ്പോഴും ദാരിദ്ര്യമുള്ള വീടുകളല്ല. എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടും സ്നേഹത്തിന്റെ അഭാവം കൊണ്ട് തണുത്തുപോയ വീടുകളുണ്ട്. വലിയ വീടുകളും വിലകൂടിയ അലങ്കാരങ്ങളും നിറഞ്ഞ ജീവിതങ്ങൾക്കിടയിലും മനുഷ്യർ പരസ്പരം അന്യരായി കഴിയുന്ന കാലമാണിത്. ഒരുമിച്ചിരുന്ന് സംസാരിക്കാൻ സമയമില്ലാത്ത കുടുംബങ്ങൾ, മാതാപിതാക്കളുടെ ശബ്ദം കേൾക്കാൻ മറന്നുപോയ മക്കൾ, ഒരേ വീട്ടിൽ താമസിച്ചിട്ടും ഓരോരുത്തരും ഓരോ സ്ക്രീനുകളിൽ ഒതുങ്ങിയ ജീവിതങ്ങൾ ഇവയൊക്കെയും ആഘോഷങ്ങളുടെ അർഥം പതുക്കെ മാറ്റിക്കൊണ്ടിരിക്കുകയാണ്.

ഓണം വീടുകളിലേക്ക് എത്തുന്നതിനു മുമ്പ് മനുഷ്യരുടെ ഉള്ളിലേക്കാണ് എത്തേണ്ടത്. അല്ലാത്തപക്ഷം പൂക്കൾ വിരിഞ്ഞാലും മനസ്സ് പ്രകാശിക്കില്ല. സദ്യയൊരുക്കിയാലും രുചിയുണ്ടാവില്ല. ആഘോഷങ്ങൾ നടന്നാലും സന്തോഷം ഉണ്ടാകില്ല.

## ഓർമയിലെ ബാല്യം

ഓണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നമ്മൾ കൂടുതലും ഓർക്കുന്നത് ബാല്യകാലമാണ്. വീടിന്റെ പിന്നാമ്പുറത്ത് നിന്ന് പൂക്കൾ പറിച്ചുകൊണ്ടുവന്ന പ്രഭാതങ്ങൾ, അടുക്കളയിൽ അമ്മയുടെ തിരക്ക്, ഉത്രാടപ്പാച്ചിലിൽ അച്ഛന്റെ വിയർപ്പിന്റെ മണം, ഉച്ചയ്

ക്ക് എല്ലാവരും ഒരുമിച്ച് ഇലയ്ക്ക് ചുറ്റും ഇരുന്ന് ഭക്ഷണം കഴിച്ച നിമിഷങ്ങൾ. ഓർമയിൽ സൂക്ഷിച്ചുവെച്ച ഓണങ്ങൾക്ക് ഒരിക്കലും വിലക്കയറ്റമുണ്ടാകാറില്ല. കാലം മാറുമ്പോൾ അവയുടെ മൂല്യം മാത്രമാണ് കൂടിക്കൊണ്ടിരിക്കുന്നത്.

**പ്രായം കൂടുന്തോറും ഓണം മാറിയിട്ടില്ല. മാറിയത് നമ്മളാണ്.**

ഒരിക്കൽ ഓണം വന്നാൽ വീട്ടിലേക്ക് ഓടിയെത്തിയിരുന്ന മനുഷ്യർ ഇന്ന് വീട്ടിലേക്ക് എത്താൻ കഴിയാത്ത മനുഷ്യരായി മാറിയിരിക്കുന്നു. ജോലി, ജീവിതം, ഉത്തരവാദിത്തങ്ങൾ, ദൂരം ഓരോന്നും ഓരോ മനുഷ്യനെ ഓരോ ദിശയിലേക്ക് കൊണ്ടുപോയി. വീടുകൾ പഴയതുപോലെ തന്നെ നിന്നു. പക്ഷേ അവയെ വീടാക്കിയിരുന്ന മനുഷ്യർ പതിയെ ചിതറിപ്പോയി.



പ്രവാസം കേരളത്തിന് സമ്പത്തും സ്വപ്നങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ മറുവശത്ത് അധികം പറയപ്പെടാത്ത ചില നിശ്ശബ്ദതകളുമുണ്ട്. വിമാനത്താവളങ്ങളിലെ യാത്രയയപ്പുകൾക്ക് കണ്ണീരിന്റെ ഒരു ഭാഷയുണ്ട്. വർഷങ്ങളോളം ആ ഭാഷ സംസാരിച്ച കുടുംബങ്ങൾക്കറിയാം, ഉത്സവദിവസങ്ങൾ എത്ര വലിയ ശൂന്യതകളെ ഉണർത്തുന്നുവെന്ന്.

***ഓരോ വീടുകൾക്കും അവരുടേതായ അദൃശ്യ സംഭാഷണങ്ങളുണ്ട്.**

സാധാരണ ദിവസങ്ങളിൽ ഏകാന്തത ഒരു ശീലമായി മാറും. എന്നാൽ ഉത്സവങ്ങൾ ആ ശീലത്തെ തകർക്കും. അയൽവീട്ടിൽ കൊച്ചുമക്കളുടെ ചിരി കേൾക്കുമ്പോൾ, സ്വന്തം വീടിന്റെ നിശ്ശബ്ദത കൂടുതൽ വ്യക്തമായി കേൾക്കാൻ തുടങ്ങും. ഒരു ഫോൺ വിളിക്കായി മൊബൈൽ കൈയിൽ എടുത്തുവയ്ക്കുന്ന എത്രയോ വയോധികരുണ്ട്. മക്കൾ മറന്നതുകൊണ്ടല്ല പലപ്പോഴും; ജീവിതത്തിന്റെ തിരക്ക് അവരെ അകറ്റിക്കളഞ്ഞതുകൊണ്ടാണ്. എങ്കിലും കാത്തിരിക്കു

ന്ന ഹൃദയത്തിന് കാരണങ്ങൾ അറിയേണ്ട തില്ല. അതിന് കാത്തിരിക്കാൻ മാത്രമാണ് അറിയുന്നത്.

ഇന്നത്തെ സമൂഹത്തിൽ മറ്റൊരു വലിയ യാഥാർഥ്യവും നാം കാണാതെ പോകുന്നു. എല്ലാവരും ദുഃഖം മറയ്ക്കാൻ പഠിച്ചിരിക്കുന്നു. സന്തോഷം പ്രകടിപ്പിക്കുന്നതുപോലെ ദുഃഖം പ്രകടിപ്പിക്കാൻ മനുഷ്യർക്ക് സ്വാതന്ത്ര്യമില്ല. അതുകൊണ്ടാണ് ഓണക്കോടി ധരിച്ച് ചിരിക്കുന്ന ഒരു മുഖത്തിനുള്ളിൽ പറയാതെ വെച്ച എത്രയോ കഥകൾ ഒളിഞ്ഞിരിക്കുന്നത്. ഓരോ പുഞ്ചിരിക്കുമുണ്ട്, മറ്റാർക്കും വായിക്കാനാകാത്ത ഒരു ചരിത്രം.

## ഓണമില്ലാത്ത വീടുകൾ എല്ലായ്പ്പോഴും അടഞ്ഞ വാതിലുകളുള്ള വീടുകളല്ല

ചിലപ്പോൾ ഏറ്റവും വലിയ ആഘോഷങ്ങൾ നടക്കുന്ന വീടുകൾക്കുള്ളിലും ഓണമില്ലായ്മ ഒളിഞ്ഞിരിക്കും. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നവർ തമ്മിൽ സംസാരിക്കാത്ത വീടുകൾ. കുട്ടികൾ മാതാപിതാക്കളോടൊപ്പം ഇരുന്നിട്ടും ഓരോരുത്തരും ഓരോ മൊബൈൽ സ്ക്രീനുകളിൽ ജീവിക്കുന്ന വീടുകൾ. എല്ലാം ഉണ്ടായിട്ടും, ഒന്നും ഇല്ലെന്ന തോന്നൽ നിറഞ്ഞ ജീവിതങ്ങൾ. ഇത്തരം വീടുകളിലെ കുറവ് സമ്പത്തിന്റേതല്ല; സാന്നിധ്യത്തിന്റേതാണ്.

ഒരുപക്ഷേ, നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ ദാരിദ്ര്യവും അതുതന്നെയായിരിക്കും. പണംകൊണ്ട് നികത്താനാകാത്ത മനുഷ്യസാന്നിധ്യത്തിന്റെ ദാരിദ്ര്യം.

ഉത്സവങ്ങൾ നമ്മെ ഒരുമിപ്പിക്കേണ്ട സമയമാണ്. എന്നാൽ നാം അവയെ പലപ്പോഴും പ്രദർശനങ്ങളാക്കി മാറ്റുന്നു. ആരുടെ സദ്യയാണ് കൂടുതൽ വിഭവങ്ങളുള്ളത്, ആരുടെ പൂക്കളമാണ് കൂടുതൽ മനോഹരം, ആരുടെ ചിത്രങ്ങളാണ് കൂടുതൽ ശ്രദ്ധ നേടുന്നത് എന്ന മത്സരത്തിനിടയിൽ, ഒരാളെ ഓർക്കുക എന്ന ഓണത്തിന്റെ ഏറ്റവും ലളിതമായ അർഥം നമ്മിൽ നിന്ന് പതിയെ അകലുകയാണ്.

## ഓണം നമ്മെ പഠിപ്പിച്ചത് പങ്കുവെക്കലാണ്

ഇന്ന് നമുക്ക് വീണ്ടും പഠിക്കേണ്ടതും അതുതന്നെയാണ്. ഭക്ഷണം മാത്രമല്ല, സമയം പങ്കുവെക്കാൻ; സമ്മാനങ്ങൾ മാത്രമല്ല, സാന്നിധ്യം പങ്കുവെക്കാൻ; ആശംസകൾ മാത്രമല്ല, മനുഷ്യരെ പങ്കുവെക്കാൻ.

മഹാബലിയുടെ ഓർമ്മയെ നെഞ്ചിലേറ്റി ഓരോ വർഷവും നാം ഓണം ആഘോഷിക്കുന്നു. എല്ലാവരും തുല്യരായിരുന്ന ഒരു കാലത്തിന്റെ സ്വപ്നമാണ് ആ ഐതിഹ്യം നമ്മോട് പറയുന്നത്. എന്നാൽ ആ സ്വപ്നം പൂക്കളത്തിലും സദ്യയിലും മാത്രമായി ഒതുങ്ങരുത്. നമ്മുടെ ചുറ്റുമുള്ള മനുഷ്യരുടെ ജീവിതത്തിലും അത് പൂക്കണം.


ഓണമില്ലാത്ത വീടുകൾ എന്നും ഉണ്ടാകും. ജീവിതം എല്ലാവർക്കും ഒരേ നിറങ്ങൾ നൽകുന്നില്ല. നഷ്ടങ്ങളും രോഗങ്ങളും പ്രവാസവും വാർദ്ധക്യവും സാമ്പത്തിക പ്രയാസങ്ങളും ബന്ധങ്ങളുടെ വിള്ളലുകളും ചില വീടുകളിൽ നിന്ന് ആഘോഷങ്ങളെ നിശ്ശബ്ദമായി അകറ്റിനിർത്തും. പക്ഷേ ആ വീടുകളിലേക്ക് മനുഷ്യസ്നേഹം എത്തുന്നതിനെ തടയാൻ ഒന്നിനും കഴിയില്ല.

ഒരു ഫോൺവിളി, ഒരു സന്ദർശനം, ഒരുമിച്ച് കഴിക്കുന്ന ഒരു ഉച്ചഭക്ഷണം, "സുഖമാണോ?" എന്ന ആത്മാർത്ഥമായ ഒരു ചോദ്യം ചില ജീവിതങ്ങളിൽ ഇവയൊക്കെയാണ് ഏറ്റവും വലിയ ഓണസമ്മാനങ്ങൾ. ആഘോഷത്തിന്റെ യഥാർഥ സൗന്ദര്യം നാം എത്ര സന്തോഷിച്ചു എന്നതിലല്ല, എത്ര പേരുടെ ഏകാന്തത കുറയ്ക്കാൻ കഴിഞ്ഞു എന്നതിലാണ്.

ഈ ഓണം നമ്മുടെ വീടുകളിൽ പൂക്കൾ വിരിയട്ടെ. അതിലും മനോഹരമായി മനസ്സുകളിൽ കരുണ വിരിയട്ടെ. ബന്ധങ്ങൾ വീണ്ടും ചേർന്നുനിൽക്കട്ടെ. മറന്നുപോയ വാതിലുകളിൽ വീണ്ടും മുട്ടുകൾ കേൾക്കട്ടെ. ഒരു വീടുപോലും "ഓണമില്ലാത്ത വീട്" എന്ന വേദനയിൽ ഒറ്റപ്പെട്ടുനിൽക്കാതിരിക്കട്ടെ.

എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

ഈ ചിങ്ങം സമൃദ്ധിയുടെ മാത്രമല്ല, സ്നേഹത്തിന്റെയും കരുതലിന്റെയും പങ്കുവെക്കലിന്റെയും കാലമാകട്ടെ. ഓരോ വീടും ആഘോഷംകൊണ്ടല്ല, മനുഷ്യരുടെ സാന്നിധ്യംകൊണ്ട് നിറയട്ടെ. അതായിരിക്കട്ടെ ഈ ഓണത്തിന്റെ ഏറ്റവും വലിയ പൂക്കളം.



# കടാങ്കോട് പ്രഭാകരൻ നിസ്വാർത്ഥകൈരളീ സേവകൻ



ഈ ഡി ഡേവീസ്

ഒരു പുസ്തകത്തിന്റെയോ ഒരു രചനയുടെയോ ആത്മസൗന്ദര്യത്തിന്റെ അവകാശി മുഖ്യമായും രചയിതാവുതന്നെ ആകണമെന്നില്ല. കാണാമറയത്തുനിന്നെന്നപോലെ ,പുസ്തകത്തെ സഹൃദയസമക്ഷം പുഷ്കലമാക്കി അവതരിപ്പിക്കുന്നതിൽ പങ്കുവഹിച്ച , അതിന്മേൽ അടയിരുന്ന എഡിറ്റർക്കുകൂടി അവകാശപ്പെട്ടതാണ്.കടാങ്കോട് പ്രഭാകരൻ എന്ന പരിണതപ്രജ്ഞനായ എഡിററുടെയും ബഹുഭാഷാ പണ്ഡിതന്റെയും ജീവിതത്തെപറ്റി ആലോചിക്കുമ്പോൾ ഇങ്ങനെയുള്ള ചില വിചിന്തനങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. അദ്ദേഹം കൈവച്ച സ്ക്രിപ്പ്റ്റുകൾ ഒട്ടുമിക്കതും മനോഹരമായി അർത്ഥസാന്ദ്രമായി രൂപാന്തരീകരണം പ്രാപിച്ച പുസ്തകങ്ങളാണ്. സൂതികർമ്മിണിയുടെ റോൾ മാത്രമല്ല എഡിറ്ററുടേത്; അതിനപ്പുറമുള്ള പരിചരണവും എഡിറ്ററിൽ നിന്നുണ്ടാകുന്നു എന്നു നമ്മളറിയുക.

തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഓഫീസിൽ സബ് എഡിറ്റർ ആയി രണ്ടര ദശകത്തോളം പ്രവർത്തിച്ചു. 2001-ൽ ആണ് അദ്ദേഹം സർവീസിൽ നിന്ന് വിരമിച്ചത്. തുടർന്ന് ആ തസ്തികയിൽ നിയമിതനായത് ഞാനാണ്. പക്ഷേ, അദ്ദേഹവുമായുള്ള എന്റെ സ്നേഹബന്ധം ആരംഭിക്കുന്നത് അതിനും ഒരു വ്യാഴവട്ടക്കാലം മുമ്പാണ്. അതിന്റെ കഥ ഇതാണ്.

1988 ൽ സംസ്ഥാന പോളിടെക്നിക്ക് വിദ്യാർത്ഥി കലോത്സവം മൂന്നു ദിവസങ്ങളിലായി അളഗപ്പനഗർ ത്യാഗരാജർ പോളിടെക് നിക്കിൽ നടത്തുകയുണ്ടായി. അന്ന് ഞാൻ SFI ജില്ല കമ്മിറ്റി അംഗമാണ്. തൃശൂർ ശ്രീകേരളവർമ്മ കോളജിൽ ബിരുദ വിദ്യാർത്ഥി. പോളി വിദ്യാർത്ഥികളുടെ സംസ്ഥാന യൂണിയൻ ഭാരവാഹികളെ സഹായിക്കാൻ സംഘടന നിയോഗിച്ചത് എന്നെയാണ്. ആ വർഷത്തെ കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥി യൂണിയൻ കലോത്സവം തൃശൂരിൽ നടത്തുന്നതിനാൽ ജില്ല നേതാക്കൾ അവിടെ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് പോളി കലോത്സവത്തിലെ മുഖ്യസംഘാടകരിൽ ഒരാളായി ഞാൻ ആദ്യന്തം ഉണ്ടായിരുന്നു. എന്റെ മുഖ്യ ചുമതലകളിൽ ഒന്ന് ജഡ്ജിങ് കമ്മിറ്റി കൺവീനർപ്പണി ആയിരുന്നു.

അങ്ങനെ , പോളി കലോത്സവത്തിലേക്ക് ജഡ്ജ് ആയി ക്ഷണിക്കാൻ ആണ് ഞാൻ ആദ്യമായി പ്രഭാകരൻ സാറിനെ സമീപിച്ചത്. അക്കാദമി സബ് എഡിറ്ററുടെ മുറിയിലും അങ്ങനെ ഞാൻ ആദ്യമായി കയറി. അ

ന്ന് ആ മുറിയിലേക്കുള്ള പ്രവേശനം പഴയ ലൈബ്രറിയുടെ ഉള്ളിലൂടെ ആയിരുന്നു. പ്രഭാകരൻ സാർ ലൈബ്രറിയുടെ ഉള്ളിൽ നിന്ന് ആരോടോ കുശലം പറഞ്ഞു കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഞാൻ കയറി ചെന്നത് . അവിടെ നിന്ന് എന്നെ കൂട്ടി പ്രഭാകരൻസാർ എഡിറ്റോറിയൽ അസിസ്റ്റന്റിന്റെ മുറിയിലേക്ക് പോയി. അന്ന് ആ തസ്തികയുടെ പേര് എഡിറ്റോറിയൽ അസിസ്റ്റന്റ് എന്നായിരുന്നു. പിന്നീട് ആണ് ആ തസ്തിക സബ് എഡിറ്റർ ആയി പുനർനാമകരണം ചെയ്തത്.

കടാങ്കോടിനെ വിധികർത്താവായി ക്ഷണിക്കാൻ നിർദേശിച്ചത് ബാലകൃഷ്ണൻ അഞ്ചത്ത്, പി.കെ ഭരതൻ എന്നീ അദ്ധ്യാപകർ ആയിരുന്നു. അന്ന് അവരെല്ലാം കഥാസാഹിത്യത്തിലും സാഹിത്യ പ്രവർത്തനമേഖലയിലും അറിയപ്പെടുന്ന തൃശൂർജില്ലക്കാർ ആണ്. കലോത്സവത്തിന്റെ നടത്തിപ്പുമായി സംസാരിച്ചപ്പോൾ കടാങ്കോട് പ്രഭാകരൻ സാർ നിർദേശിച്ചു; നാടകമത്സരത്തിനു വിധികർത്താവായി എം. ആർ.ബിയെ ക്ഷണിക്കാൻ. അങ്ങനെ ഞാൻ നേരിട്ട് എം.ആർ.ബിയുടെ വീട്ടിലേക്ക് നടന്നു. വിപ്ലവജീവിതേതിഹാസങ്ങളായ എം.ആർ.ബിയെയും ഉമാ അന്തർജനത്തെയും കണ്ടു. അദ്ദേഹം വരാമെന്ന് ഏറ്റു. പ്രഭാകാരൻ സാറും എം.ആർ.ബിയും ചേർന്ന് സംഘാടകർ അയച്ച വാഹനത്തിൽ രണ്ടു ദിവസവും കലോത്സവ വിധികർത്താക്കളായി എത്തി. എം.ആർ.ബി അന്ന് സംഗീത നാടക അക്കാദമിയിലെ കേളി മാസികയുടെ വർക്കിങ്ങ് എഡിറ്റർ ചുമതല വഹിക്കുന്നുണ്ട്.

പ്രഭാകരൻ സാറുമായുള്ള ആ സൗഹൃദം എനിക്ക് ഉപകരിച്ചു. അക്കാദമിയിൽ സബ് എഡിറ്റർ ടെസ്റ്റ് കഴിഞ്ഞ് ഇന്റർവ്യൂവിന് വിളിച്ചപ്പോൾ ഞാൻ അദ്ദേഹത്തെ പോയി കണ്ടു. സാഹിത്യലോകത്തിന്റെയും സാഹിത്യ ചക്രവാളത്തിന്റെയും മലയാളം ലിറ്ററി സർവ്വേയുടെയും പഴയ കോപ്പികൾ അദ്ദേഹം എനിക്കുതന്നു. അതെല്ലാം നോക്കി തയ്യാറെടുക്കൂ. പ്രസിഡണ്ട് എം.ടി. ആണ് ഇന്റർവ്യൂ നടത്തുക എന്നും പറഞ്ഞു. സാഹിത്യലോകം ലക്കങ്ങളുമായുള്ള എന്റെ പരിചയം ഇന്റർവ്യൂവിന് ഗുണം ചെയ്തു. എം.ടി ചോദിച്ചു ;അക്കാദമി ആനുകാലികങ്ങൾ വായിച്ചിട്ടുണ്ടോ? എന്ന്.

പറഞ്ഞു വന്നത് പ്രഭാകരൻ സാറിന്റെ സേവന സജ്ജമായ ജീവിതത്തെപററിയാണ്.

പബ്ളിക്കേഷൻ ഓഫീസറുടെ ചുമതലയും അദ്ദേഹം വഹിച്ചിട്ടുണ്ട്. സബ്-എഡിറ്റർ തസ്തിക ഒന്നേയുള്ളൂ. എന്നാൽ അക്കാദമിയിആകട്ടേ, എഡിറ്റോറിയൽ സംബന്ധമായ നിരവധി ജോലികളുണ്ട്. അക്കാലത്ത് പ്രോഗ്രാം സെക്ഷന്റെ ചുമതലയും സബ്-എഡിറ്ററുടേതാണ്. ഞാനും നാലഞ്ചു കൊല്ലം ആ ചുമതല വഹിച്ചിട്ടുണ്ട്. കാണാപ്പണികൾ പലതും തലയിൽ വന്നുവീഴും. ചുരുക്കത്തിൽ ഭാരിച്ച ജോലിയുള്ള തസ്തികയായിരുന്നത്.

അക്കാദമിയും എഴുത്തുകാരുമായുള്ള ബന്ധത്തിന്നു നിദാനമായ പബ്ലിക്ക് റിലേഷൻസു ജോലികളും അക്കാലത്ത് നിർവഹിക്കുന്നത് സബ് എഡിറ്ററാണ് ചുരുക്കത്തിൽ സബിന്റെ ജോലിയല്ല എഡിറ്ററുടെ ജോലി തന്നെയാണ് നിർവഹിച്ചിരുന്നത് . ഏതു പണി മുടക്കിൽ പങ്കെടുക്കാലും ആഴ്ചകളോളം ലീവെടുത്താലും മാസികകൾ കൃത്യമായി പ്രസിദ്ധീകരിക്കണം. മാറ്റമ്പിന് ആളില്ല. എന്നുമാത്രമല്ല അച്ചടി സാങ്കേതിക വിദ്യയോ കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യയോ വികസിച്ചിട്ടില്ലാത്ത കാലം. ലെറ്റർ പ്രസിനെ ആശ്രയിച്ചു മാത്രം കാര്യങ്ങൾ നിർവഹിച്ചിരുന്ന കാലം. അങ്ങനെയുള്ള ഒരു കാലസന്ദർഭത്തിലാണ് പ്രഭാകരൻ സാർ അക്കാദമി സേവനം പൂർത്തീകരിച്ചത്. നന്ദിയോടെ മാത്രമേ അദ്ദേഹത്തിന്റെ സേവനങ്ങളെ ഓർക്കാൻ കഴിയൂ.

ജന്മം കൊണ്ട് അദ്ദേഹം കണ്ണൂർ ജില്ലയിലെ തളിപ്പറമ്പുകാരനാണ് . 1944 സെപ്തംബർ 10 ന് ആണ് ജനനം. തളിപ്പറമ്പ് മൂത്തേടത്ത് സ്കൂളിലാണ് ഹൈസ്കൂൾ വിദ്യാഭ്യാസം. ദേവഗിരി സെൻറ് ജോസഫ് കോളജിലെ ശാസ്ത്രബിരുദ വിദ്യാർത്ഥി ആയിരുന്നു. അവിടെ നിന്നായിരിക്കണം അദ്ദേഹം ഡോ. സുകുമാർ അഴിക്കോട് ആയുള്ള ബന്ധം ആരംഭിച്ചത് . സാഹിത്യത്തോടുള്ള പ്രണയം ആരംഭിച്ചത് മഹാകവി പി.കുഞ്ഞിരാമൻനായരുമായുള്ള ബന്ധുത്വത്തിൽ നിന്നാകാം . എന്നാൽ, തന്റെ ജീവിതവഴി സാഹിത്യ സേവനത്തിന്റേതായി മാറുന്നതിന് അഴിക്കോട് സാറുമായുള്ള ബന്ധം വഴിത്തിരിവായി തീർന്നു എന്നു കരുതാവുന്നതാണ്. അഴിക്കോട് സാറിന്റെ അന്ത്യംവരെയും ആ ഗുരു -ശിഷ്യ ബന്ധം അദ്ദേഹം തുടർന്നിട്ടുണ്ട് എന്നു മനസ്സിലാക്കാവുന്നതാണ് . അഴിക്കോട് സാറിന്റെ ആത്മകഥയുടെ സ്ക്രിപ്റ്റ് പ്രസിദ്ധികരണ ക്ഷമമാക്കിയതും പ്രസാധന ജോലികളിൽ ആദ്യന്തം സഹായി

ആയതും പ്രഭാകരൻ സാറാണ്. അഴിക്കോട് സാറിന്റെ കൈപ്പടയും അതിനുപയോഗിക്കുന്ന കടലാസും കണ്ടവർക്ക് മനസ്സിലാകും പ്രഭാകരൻ സാർ എത്ര ക്ലേശിച്ചിട്ടുണ്ടാകും എന്ന്.

ഇതു പോലെ എത്രയെത്ര ഗ്രന്ഥകാരന്മാർക്ക് വേണ്ടി അദ്ദേഹം വെയിലു കൊണ്ടിട്ടുണ്ട് എന്നത് അദ്ദേഹത്തെ അടുത്തറിയുന്നവർക്ക് അറിയാം. അതുകൊണ്ടാണ് വേർപാടിന്റെ സന്ദർഭത്തിൽ സോഷ്യൽ മിഡിയ പ്ലാറ്റ്ഫോം ആയ ഫേസ്ബുക്കിൽ പ്രസിദ്ധ സാഹിത്യനിരൂപകനായ ഇ.പി. രാജഗോപാലൻ ഇങ്ങനെ കുറിച്ചത് ; 'വർക്ക് ഹോളിക്ക് എന്ന വാക്കു കേട്ടാൽ ഇപ്പോഴും പ്രഭാകരേട്ടനെ ഓർമ്മിക്കും. എന്തൊക്കെ ചെയ്തിരിക്കുന്നു'

അദ്ദേഹം തൃശൂർക്കാരൻ ആയി മാറുന്നതിന്റെ തുടക്കം പി.ജി. പഠനമായിരുന്നു.തൃശൂർ ശ്രീ കേരള വർമ്മ കോളജിൽ നിന്നാണ് അദ്ദേഹം എം.എ മലയാളം കരസ്ഥമാക്കിയത്. പിൽക്കാലത്ത് എന്റെയും പി.ജി. പഠന കാമ്പസ് അതു തന്നെയായിരുന്നു. പ്രഭാകരൻ സാറിന്റെ മകൻ സൂര്യതേജസും അവിടത്തെ വിദ്യാർത്ഥി തന്നെയായതും ഓർക്കുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത ഒരു തരം സുഖം തരുന്നുണ്ട്.

വി.കെ.എൻ., കമലാസുറയ്യ ,അഴിക്കോട്, എം.ടി എൻ.പി. മുഹമ്മദ് തുടങ്ങിയ വലിയ എഴുത്തുകാരുമായുള്ള ആഴമേറിയ സൗഹൃദം അദ്ദേഹത്തിനുണ്ടായിരുന്നു. എം.ഡി. നാലപ്പാട്ടും മേതിൽ രാധാകൃഷ്ണനും പോലുള്ള സമകാലികരുമായുള്ള സുഹൃദം വളരെ ആഴത്തിലുള്ളതാണ്. എം.ഡി.നാലാപ്പാട്ടുമായി അദ്ദേഹം സഹകരിച്ച് പമ്പരം എന്ന മാസിക നടത്തിയിട്ടുണ്ട് . മേതിൽ ഒരു മാസം മുമ്പ് പ്രഭാകരൻ സാറിനെ സന്ദർശിക്കുകയുണ്ടായി. ഇരുവരുമായുള്ള സൗഹൃദത്തിന്റെ ആഴപ്പരപ്പ് എഴുത്തായി മാറിയില്ലല്ലോ എന്ന ദുഃഖം കൈരളീ വിധേയർ അനുഭവിച്ചു കൊള്ളുന്നു .

കേരളവർമ്മ കോളേജ് മലയാള സാഹിത്യ പഠന വിഭാഗം പൂർവ്വ വിദ്യാർത്ഥികളുടെ അസോസിയേഷൻ, പ്രൊഫ പി.ശങ്കരൻനമ്പ്യാർ ഫൗണ്ടേഷൻ, വൈലോപ്പിള്ളി സ്മാരക സമിതി തുടങ്ങിയവയിലും ഞങ്ങൾ ഒന്നു ചേർന്നു പ്രവർത്തിച്ചിട്ടുണ്ട്. വൈലോപ്പിള്ളി സ്മാരക സമിതിയുടെ സെക്രട്ടറിയായും അദ്ദേഹം ഒരു വർഷം പ്രവർത്തിച്ചു.

നല്ല വിവർത്തകൻ ആയിരുന്നു. വിവർത്തന സാഹിത്യത്തെകുറിച്ചും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഒരു വേള അത് വിവിധ യൂണിവേഴ്സിറ്റി കോഴ്സുകൾക്ക് റഫറൻസ് പുസ്തകമായിരുന്നു . ഹെമിങ്ങ് വേയുടെ കിഴവനും കടലും അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്. ഒട്ടേറെ കഥകളും കവിതകളും അദ്ദേഹത്തിൽ വിവർത്തനസപര്യയിൽ ഉണ്ട്.

മൂന്നാലു ദശകമായിട്ട് ജില്ല - സംസ്ഥാന തല കലാസാഹിത്യമത്സരങ്ങളുടെ വിധികർത്താവായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. പരിസ്ഥിതിയും മനുഷ്യാവകാശങ്ങളുമായ വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി 70 കളിലും 80 കളിലും നടത്തിയിരുന്ന ചില ലിറ്റിൽ മാഗസിനുകളുടെ പത്രാധിപസമിതികളിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചിരുന്നു. സ്റ്റേറ്റ് റിസോഴ്സ് സെന്റർ റിസർച്ച് അസിസ്റ്റന്റ് ആയും അദ്ദേഹം സേവനം നൽകിയിട്ടുണ്ട്.സംസ്ഥാന സാക്ഷരതാമിഷനിൽ നവസാക്ഷര പുസ്തകങ്ങൾ തയ്യാറാക്കുന്നതിലും സ്കൂൾ പാഠപുസ്തക നിർമ്മാണസമിതിയിലും അദ്ദേഹം അക്കാദമികമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഭാഷകൾ പഠിക്കുന്നതും, അവയിൽ ഡിപ്ലോമ എടുക്കുന്നതും അദ്ദേഹത്തിന്റെ ഹോബിയായിരുന്നു എന്നു കരുതാവുന്നതാണ്. റഷ്യൻ ,ജർമ്മൻ, ഇംഗ്ലീഷ് സംസ്കൃതം ,തമിഴ് എന്നീ അഞ്ച് മറുനാടൻ ഭാഷകളിൽ അദ്ദേഹം സാമാന്യത്തിൽ കവിഞ്ഞ പരിശീലനം നേടിയിട്ടുണ്ട്. വി.കെ.എൻ. കൃതികളിലുള്ള പരിചയം വി.കെ. എൻ. മായുള്ള ഗാഢസൗഹൃദത്തിലേക്കു നയിച്ചു.വി.കെ. എൻ. നുമായി ഒത്തു ചേർന്നാൽ ഹാസ്യഭാഷണമായി. സന്ദർഭോചിതമായി നർമ്മം പറയാനുള്ള സിദ്ധി പ്രഭാകരൻസാറിന് ഉണ്ടായിരുന്നു. പക്ഷേ, എല്ലാതരം കഴിവുകളും വായനകളും ഉണ്ടെങ്കിലും അതൊന്നും സഭാമധ്യത്തിൽ പ്രദർശിപ്പിക്കാതെ ഒതുങ്ങി കഴിയാനുള്ള വിനയവും ധാർമ്മികവൈഭവവും, നിസ്വാർത്ഥതയും ആ വ്യക്തിത്വത്തിൽ ആവോളമുണ്ടായിരുന്നു. എഴുത്ത് എന്ന കർമ്മമണ്ഡലത്തെ തന്നിലേക്ക് ഒതുക്കാതെ സാഹിത്യകർമ്മമണ്ഡലത്തിൽ, ഒരു വഴിയോര വടവൃക്ഷം പോലെ അദ്ദേഹം ജീവിച്ചു തീർത്തു എന്നത് സേവന സ്വീകർത്താക്കൾ എങ്കിലും വിസ്മരിക്കരുത്.

# ധർമ്മനിഷ്ഠമായ ഒരു തുണ്ടു ഭൂമി



സുകുമാർ കൂർക്കഞ്ചേരി

**ക**ൽച്ചുമരുകൾ ചുണ്ണാമ്പുതേച്ചു മിനുക്കിവെച്ചതുപോലെയാണ് ഈ ശരീരങ്ങൾ ചർമ്മംകൊണ്ട് പൊതിഞ്ഞുവെച്ചിരിക്കുന്നത്. കാൽവിരൽ വാതിലിന്റെ അറ്റം ശക്തിയായി വന്നുതട്ടിയപ്പോൾ തൊലി പൊട്ടി ചോര ചീറ്റാൻ തുടങ്ങി. ഈ ചോരപ്പുഴ ഇത്രയും നേരം എവിടെ ഒളിഞ്ഞിരിപ്പായിരുന്നുവോ ആവോ – ഒരു പഴുതു കിട്ടിയപ്പോൾ ഇങ്ങനെ ഒഴുകിപ്പരക്കാൻ?

എല്ലാ ജീവിതങ്ങളും ഇതുപോലെ മൂടിക്കെട്ടിവെച്ചിരിപ്പാണ്. എത്രയെത്ര സ്വകാര്യങ്ങളാണ് ഓരോരുത്തരും ഒളിപ്പിച്ചുകൊണ്ടു നടക്കുന്നത്!

മക്കൾ വഴിതെറ്റിപ്പോയ അച്ഛന്റെ ദുഃഖം ആർക്കും മനസ്സിലാവും. ബാല്യത്തിൽ അയാളുടെ കൈവിരലിൽ തൂങ്ങി നടന്ന മകനെ ഓർക്കാത്ത ഒരു നിമിഷം പോലുമില്ല. എന്തു കുറ്റം തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടാണ് അവൻ വീടുവിട്ടു പോയത്? ഉറങ്ങാൻ അയാളുടെ കൈത്തലം അവന്റെ ദേഹത്തുണ്ടാവണമെന്ന വാശിക്കാരനായിരുന്നു. മുതിർന്നപ്പോൾ ആ കൈത്തലം അവനൊരു ഭാരമായി തോന്നിയിരിക്കണം. കോളേജു പഠനകാലത്ത് സൈക്കിളുപേക്ഷിച്ച് ബൈക്കിൽ പോകണമെന്നായി. ബൈക്കു വാങ്ങാനുള്ള പണമില്ലെന്നു പറഞ്ഞപ്പോൾ കിട്ടിയേ തീരൂ എന്നു വാശിപിടിച്ചു. നീണ്ട ഒരാഴ്ചയോളം കോളേജിൽ പോയില്ല. നേരത്തുണർന്നില്ല. ആഹാരനീഹാരങ്ങളില്ല. ഒരേ കിടപ്പ്. അയാൾ പി.എഫിൽനിന്നും കടമെടുത്ത് കൂട്ടുകാരന്റെ ബൈക്ക് വിലകൊടുത്തു വാങ്ങി. ഇപ്പോൾ എങ്ങനെ പണമുണ്ടായി എന്നായിരുന്നു അവൻ വീട്ടുകാരോടും കൂട്ടുകാരോടും ചോദിച്ചത്.

അയാൾ മകനെ അധികം ദൂരത്തല്ലാതിരുന്ന കോളേജിൽ ചേർത്തതുതന്നെ യാത്രയിൽ അവന് അപകടമൊന്നും ഉണ്ടാവാതിരിക്കാനാണ്. ഒരിക്കൽ നാലുംകൂടിയ കവലയിൽവെച്ച് സൈക്കിളിൽ വന്ന കുട്ടിയെ ബസിടിച്ച് കൊന്നതിന് അ



യാൾ ദൃക്സാക്ഷിയാണ്. എന്നു കരുതി ലോകത്ത് ആരും ടൂവീലർ ഉപയോഗിക്കുന്നില്ലേ എന്നയാളോടു ചോദിക്കാം. അന്നെ അപകടത്തിലും റോഡിൽ ചോരപ്പുഴ ഒഴുകിയത് അയാൾ കണ്ടിരുന്നു. തനിക്കൊരു കുഞ്ഞുണ്ടായാൽ സൈക്കിൾപോലും വാങ്ങിക്കൊടുക്കില്ലെന്ന് അയാൾ മനസ്സിലുറപ്പിച്ചിരുന്നു. മുതിർന്നപ്പോൾ അവനാദ്യം വേണ്ടത് സൈക്കിളായിരുന്നു.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ കരാള ദംഷ്ട്രങ്ങൾ കാട്ടി തുറന്ന ജനലിലൂടെ കൊടുങ്കാറ്റുവന്നു. അതുവരെ ശാന്തമായിരുന്ന ചുറ്റുപാടുകൾ കിടുക്കി വിറകൊണ്ടു. വീടിന്റെ മേൽക്കൂരയപ്പാടെ കാറ്റെടുത്ത് മലർത്തിവെയ്ക്കുമോ എന്നു ഭയന്ന് അയാൾ ജനൽപ്പാളികൾ ചേർത്തടച്ചു. കട്ടിലിൽ തൊട്ടരികെയല്ലാതെ ഭാര്യ മൂടിപ്പുതച്ചുറങ്ങുന്നു. ചുമരിലെ ക്ലോക്കിൽ സമയം ഒരു മണി.

കാറ്റും മഴയും മത്സരബുദ്ധിയോടെ മദിച്ചുതിമർത്തു കാറ്റിൽ മുറ്റത്തെ വലിയ കണിക്കൊന്ന മരത്തിന്റെ ഭാരിച്ച കൊമ്പ് ഒടിഞ്ഞുതൂങ്ങിയോ മരം അപ്പാടെ കടപുഴകിയോ മോഹാലസ്യം വന്ന രാക്ഷസനെപ്പോലെ ഇലക്ട്രിക് ലൈനിലേക്ക് തല ചായ്ച്ചുവോ? വീട്ടിൽ കറന്റു പോയി. ഈ അസമയത്തിനി ഇലക്ട്രിസിറ്റി ബോർഡുകാരെ വിളിച്ചിട്ട് എന്തുചെയ്യാൻ! ഭയന്നുവിറച്ചു നിൽക്കുന്ന വീടും പരിസരവും അയാൾ മനസ്സിൽ കണ്ടു.

തിളിരിലകൾക്ക് നല്ല മിനുപ്പും കേവലമായ കുളിർമ്മയും ഉണ്ടാകുമ്പോൾ തൊട്ടുതാഴെയുള്ള മൂത്തയില സ്വാഭാവികമായ വാർദ്ധക്യവും മരവിപ്പും ഏറ്റുവാങ്ങുന്നു. ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയും ഹൃദയനൈർമ്മല്യവും മുതിരുമ്പോൾ കളഞ്ഞുകുളിച്ച് ഹൃദയം മരുഭൂവായിപ്പോകുന്നു. ലാളിത്യമുള്ള ഒരു ഹൃദയത്തിന് ആരെയാണ് വെറുക്കാനാവുക? ജീവിതത്തിൽനിന്നും അകറ്റിനിർത്താനാവുക! അയാളോർത്തു ! ഇതു എന്റെ മകന് അങ്ങനെ ഒരു മുഖമുണ്ടാവാനിടയില്ല. ചുറ്റും നിറയെ ഇടതൂർന്ന മുൾമരങ്ങൾ. അവയ്ക്കിടയിൽ പരുക്കുപറ്റാതെ ഒരു തളിരില എങ്ങനെ മുളപൊട്ടാനാണ്! എന്നാൽ എന്റെ മകന് ചുറ്റും സ്നേഹം കോരിനിറച്ച പച്ചപ്പുകളായിരുന്നു.

ഒരു ചാൺ കയറിനെയോ ഒരു തീപ്പെട്ടിക്കമ്പിനെയോ സ്നേഹിച്ചു കൂടെപ്പോയി ജീവനുപേക്ഷിച്ച യുവതികളുടെ പ്രേതപരിശോധന നടത്തുമ്പോൾ എക്സിക്യൂട്ടീവ് മ



ജിസ്ട്രേട്ടായ തഹസിൽദാർ കുറ്റം ചാർത്തി കസ്റ്റഡിയിലെടുത്ത അവരുടെ ഭർത്താക്കന്മാരെ ഒറ്റയ്ക്കൊറ്റയ്ക്കു വിളിച്ചു പതുക്കെ ചോദിച്ചു: ‘സത്യത്തിൽ നിങ്ങളീ ആത്മഹത്യയ്ക്കു പ്രേരകമായിട്ടുണ്ടോ?‘ പോലീസിന്റെ ലഹരിവേട്ടയിൽ പങ്കാളിയായി സീഷർ മഹസ്സറിൽ ഒപ്പിട്ടുകൊടുക്കുമ്പോൾ കുറ്റം ചാർത്തിയ യുവാവിനെ അടുത്തേക്കുവിളിച്ചു ചോദിച്ചു: ‘സത്യത്തിൽ നിന്നെ മറ്റാരെങ്കിലും കുടുക്കിയതാണോ?”

നിരപരാധികളായേക്കാവുന്ന കുറ്റാരോപിതരിലെല്ലാം അയാൾ തന്റെ മകന്റെ മുഖം തിരയുകയായിരുന്നു.


കരിംപച്ച കുപ്പായത്തിന്റെ പൊട്ടിപ്പോയ ബട്ടണുകൾ അയാളുടെ എല്ലുന്തിയ നെഞ്ചിൻകൂടു വെളിവാക്കി. ജീവിതം എത്ര അസ്ഥിരമാണ്! എല്ലിൻകൂട്ടിനകത്തെ ഹൃദയം അതിന്റെ പുഷ്കലകാലം പിന്നിട്ട് ശുഷ്കിച്ചപ്പോൾ സഹിച്ചും ക്ഷമിച്ചും ഭാരം വലിച്ചും അയാൾ സ്വപ്നത്തേരിലേറ്റിയ ഒറ്റ മകൻ!

ഭാര്യ പുഴുങ്ങിയ മധുരക്കിഴങ്ങു നിറച്ച

പാത്രം മുന്നിൽ കൊണ്ടുവന്നു: 'ഷുഗറിനു നല്ലതാണത്രെ.'

വളയമില്ലാതെ ചാടുന്നതാണിഷ്ടം. മകൻ പറയുമായിരുന്നു: എനിക്കിതൊക്കെ കാണുമ്പോൾ ബോറടിക്കുന്നു.

കോൺഫ്രൻസ് ഹാളിൽ യോഗം നടക്കുകയാണ്. കണ്ണുതുറന്നിരിക്കേണ്ട കെയർ ടേക്കർ കണ്ണടച്ച് മൂലക്കിരുന്നുറങ്ങുന്നു. സർ



ക്കാരും ഹാളിൽ അംഗങ്ങളുടെ ബഹളം, കൂട്ടത്തല്ല് സർക്കാരുറങ്ങുന്നു. നികുതിപ്പണം ചെലവഴിച്ച് സ്വന്തം ഇഷ്ടങ്ങൾ നടപ്പാക്കാനായി, എന്റെ വീട്ടിലെ പച്ചപ്പരവതാനി മാറ്റി ചുവപ്പാക്കാൻ, എന്റെ കാറോടുന്ന വഴിയിലെ കുഴികൾ തൂർത്തുനിരപ്പാക്കാൻ എല്ലാവരും യത്നിക്കുന്നു.


പ്രതിഭാധനനായ ആൾക്ക് രാഷ്ട്രം പത്മഭൂഷണും കായികക്ഷമതയ്ക്ക് അതിൽ കൂടിയ പത്മവിഭൂഷണും നൽകിയതിൽ വ്യഥിതമായ മനസ്സുമായി നടന്ന നാളുകൾ ഉണ്ടായിരുന്നു. പിന്നീടാണ് ഫുട്ബോൾ ഗ്രൗണ്ട് ധർമ്മനിഷ്ഠമായ ഒരു തുണ്ടു ഭൂമിയാണെന്ന് ഒരാൾ കണ്ടെത്തുന്നത്. കല്പറ്റ നാരായണമേനോനോട് കടപ്പാട്. ശരിക്കും നീതിയുടെ ശേഷിക്കുന്ന തുരുത്തുകളിലൊന്ന്. ലോകത്തുനിന്ന് ഫെയർപ്ലേ തിരോഭവിച്ചപ്പോൾ ജീവിതത്തിൽനിന്ന് സത്യസന്ധതയും നൈർമ്മല്യവും അപ്രത്യക്ഷമായപ്പോൾ പരസ്പരധാരണയുടെ ഇടങ്ങൾ ദുർബലമായപ്പോൾ, യുദ്ധങ്ങളിൽ ഹിംസ അതിരുവിട്ടപ്പോൾ, ഏതു വിധേനയും വിജയിക്കാനല്ല സത്യസന്ധമായി ജയിക്കാൻ ടാലന്റിനെ മാത്രം ആശ്രയിക്കുന്ന ഒരു ധർമ്മയുദ്ധം സ്വയമേവാഗതമാവുകയായിരുന്നു. ഫുട്ബോൾ അങ്ങനെ ഒരു ജനതയുടെ പവിത്രമായ ജീവിതഭൂപടത്തിലേക്കാണ് കാലെടുത്തുവച്ചത്.


രാവിലെ എഴുന്നേറ്റുചെല്ലുമ്പോൾ രാത്രി സ്വപ്നത്തിൽ ദർശിച്ച അത്യാഹിതങ്ങളൊന്നും അയാൾ കണ്ടില്ല. എല്ലാം പഴയതുപോലെ. കാറ്റ് അഴിഞ്ഞാടിയ അടയാളങ്ങളില്ല. കരിയിലപോലും മുറ്റത്തുപാറിവീണിട്ടില്ല. തലേന്നു കണ്ട വലിയ കണിക്കൊന്നമരവും കൊമ്പും ചില്ലകളും കറന്റ് കമ്പിയിലേക്കു തലനീട്ടി ഉത്സാഹം കാണിക്കുന്നുണ്ട്. അയാളുടെ ഉള്ളിൽ പൊടുന്നനെ ഒരു ഞെട്ടലുണ്ടായി. മകൻ മദ്രാസിൽനിന്നും അതിരാവിലെ എത്തുമെന്നാണ് അറിയിച്ചിട്ടുള്ളത്. കാലാവസ്ഥാനിരീക്ഷണകേന്ദ്രത്തിൽനിന്നും രാവിലെത്തന്നെ ഇടിയും മഴയും ചുഴലിക്കാറ്റും പ്രവചിച്ചിട്ടുമുണ്ട്. മകൻ വീട്ടിലേക്ക് എത്തുമ്പോഴാകാം മരച്ചില്ലകൾ കറന്റു കമ്പിയിലേക്ക് മറിഞ്ഞുവീഴുന്നതെങ്കിലോ? അവൻ ഗേറ്റുതുറന്നു പ്രവേശിക്കുമ്പോഴാകാം കാറ്റിൽ കണിക്കൊന്ന മരം കടപുഴകി മോഹാലസ്യപ്പെട്ടുവീണടിയുന്നതെങ്കിലോ?

അയാൾ വീടിനു പിറകുവശത്ത് ചാരിവെച്ചിരുന്ന ഇരുമ്പുതോട്ടിയും എടുത്തുകൊണ്ടുവന്നു. ഇലക്ട്രിക് ലൈനിലേക്കു തലനീട്ടുന്ന ചില്ലയിൽ തോട്ടിയുടെ തല കുരുക്കാൻ നോക്കിയിട്ടും എത്തുന്നില്ല. ഒന്നുരണ്ട് ഇഷ്ടികകൾ എടുത്തു കൂട്ടിവെച്ച് കയറി എത്തിക്കാൻ നോക്കി. കുറച്ചുകൂടി കുറച്ചുകൂടി തോട്ടിയുടെ തല ഉയർത്തിയാലേ മരക്കൊമ്പിൽ കൊളുത്തുവീഴൂ. അയാൾ കഴിയാവുന്നത്ര മുകളിലേക്കാഞ്ഞ് ശ്രമിച്ചു.

# നഷ്ടലോകം

കഥ





**സുരേന്ദ്രൻ മങ്ങാട്ട്**

മേശപ്പുറത്ത് നിവർത്തിവച്ച പുസ്തകത്തിൽ മുങ്ങി താണുപോയ അവനെ നോക്കിക്കൊണ്ട് തന്നെ കട്ടിലിൽ കിടക്കുകയായിരുന്നു അയാൾ.

' ഭാവന വിടരുന്നതെങ്ങനെയാണ്....?'

മൊബൈൽ ഫോൺ നെഞ്ചോട് ചേർത്ത് മലർന്നുകിടക്കുന്ന സുഹൃത്തിന്റെ ചോദ്യത്തിലേക്ക് അവൻ മുഖമുയർത്തി.

അവനെക്കാൾ ഒന്നുരണ്ട് വയസ്സ് മുതിർന്ന ആളായിരുന്നു സുഹൃത്ത്. നഗരത്തിൽ

വാടകയ്ക്ക് തരപ്പെടുത്തിയ

ഒരു മുറിയിൽ വ്യത്യസ്ത ജോലികളിലേർപ്പെട്ട്,കുറച്ചു കാലമായി ഒന്നിച്ചു കഴിയുന്നവർ.

ഡിജിറ്റൽ ലോകത്തിന്റെ അദൃശ്യമായ വലയങ്ങളിൽ ഏറെ ഭ്രമണം കഴിഞ്ഞ്, യഥാർത്ഥ ലോകത്തേക്ക് പതിച്ചവന്റെ അസ്വസ്ഥതയകറ്റാനെന്നവണ്ണം അവന്റെ സുഹൃത്ത് കിടപ്പിൽ തന്നെ കണ്ണുകൾ അമർത്തിയടച്ചുതുറക്കുന്ന ശ്രമങ്ങളിലായിരുന്നു.

ഹൈബ്രിഡ് സ്പേസ്...

'എന്തായിപ്പോൾ ഇങ്ങനെയൊരു ചോദ്യം ......'

അവൻ ചിരിയോടെ ചോദിച്ച്, പുസ്തകം മടക്കിവച്ചു .

സുഹൃത്ത് കിടന്നുകൊണ്ട് ചിരിച്ചു.

'ഭാവനയെന്ന സംഗതി

എന്താണെന്നറിയാൻ മാത്രം...'

അവൻ കസേര വലിച്ച് കട്ടിലിനഭിമുഖമായി തിരിച്ചിട്ടു .

' നീ സിനിമ കാണുകയായിരുന്നുവോ....'

'അല്ല, ചില റീൽസ് കാണുകയായിരുന്നു. ചാർജ് കഴിഞ്ഞു.'

അവൻ ചിരിച്ചു.

'ഭാവന ഉണ്ടാകണമെങ്കിൽ കാഴ്ച പോരാ, അത് ആസ്വാദനം മാത്രമേ ആകുന്നുള്ളൂ. ഉള്ളിലേക്ക് അക്ഷരങ്ങളെ കൂട്ടാൻ കഴിയണം. വാക്കുകളുടെ മുഴക്കമാണ് ഭാവനാലോകം .'

'അതിനെന്താ വഴി...?'

ഇപ്പോൾ സുഹൃത്ത് കട്ടിലിൽ എഴുന്നേറ്റിരുന്നു.

'അക്ഷരങ്ങളെ വായിക്കണം, കേൾക്കണം ...'

'അതാണ് എനിക്ക് കഴിയാത്തത് ....'

സുഹൃത്ത് മൊബൈൽ ചാർജറെടുത്ത് ഫോണിൽ ഘടിപ്പിച്ചു കൊണ്ട് തുടർന്നു,

'വായനയിൽ ഞാൻ ഭൂലോക തോൽവിയാണ്....'

'തോൽവിയറിയുന്നവരാണ്,പിന്നീട് വിജയം നേടുന്നത്. ചരിത്രം വിജയികളുടെ മാത്രമല്ലല്ലോ, പരാജിതരുടേതു കൂടിയാണ്.'

അവൻ സുഹൃത്തിനടുത്തെത്തി, കട്ടിലിന്റെ തലയ്ക്കിലിരുന്നു .

'പരാജയപ്പെട്ടവരുടെ

എഴുത്താണ് ജീവിതത്തെ തീഷ്ണമായി തൊടുന്നത്. അത് പ്രണയത്തിലായാലും പോരാട്ടങ്ങളിലായാലും '.

അവൻ എഴുന്നേറ്റ് താൻ വായിച്ചു കൊണ്ടിരിക്കുന്ന പുസ്തകമെടുത്ത് സുഹൃത്തിന്റെ കയ്യിൽ വച്ചുകൊടുത്തു.

'വായന സഞ്ചാരമാണ്. നടക്കാൻ തുടങ്ങുക. നഷ്ടപ്പെട്ടെന്നു കരുതുന്ന ലോകം മുന്നിൽ വെളിപ്പെടും...'

അവന്റെ മുഖം ശാന്തമായിരുന്നു. ജ്ഞാനരഹസ്യം പകർന്നു കിട്ടിയവനെപ്പോലെ സുഹൃത്ത് പുസ്തകം ഇരുകൈകളിൽ ചേർത്ത് പിടിച്ച് ഒരു നിമിഷം കണ്ണുകളടച്ചു.

# സ്വച്ഛതയാർന്ന ദൃശ്യങ്ങൾ



വി.പി.ജോൺസ്



**പു**രോഹിതന്മാരുടെ ശുഭവസ്ത്രങ്ങൾ. ശബളിമപുരണ്ട സായാഹ്നഗീതങ്ങൾ. പൂജ അർപ്പിക്കാനുള്ള വിശുദ്ധവും വിശിഷ്ടതരവുമായ കാസയും പീലാസയും. സ്ഫടിക നിർമ്മലമായ പൂജാപാത്രങ്ങൾ. നിങ്ങളുടെ സങ്കടങ്ങളും വേദനകളും കാസയിലും പീലാ സയിലും അർപ്പിക്കൂ. കർത്താവ് അത് ശ്രദ്ധിക്കാതിരിക്കില്ല, മനസ്സ് പവിത്രമാകും. ധൂപാർച്ചനയ്ക്ക് വേണ്ടി ഉപയോഗിക്കുന്ന ധൂപക്കുറ്റികൾ. കുന്തുരുക്കത്തിന്റെ പുകകെണ്ട് ബലിപീഠം ചുവന്നു തുടുത്തു. പരിശുദ്ധ ശരീരം ശയിക്കുന്ന വിശുദ്ധ കുരിശുകൾ മുന്നിലും മനസ്സിലും വന്നു തൊട്ടു. മിക്ക ഹൃദയങ്ങളും ഏകാഗ്രതയുടെ തപസ്സിൽ ലയിച്ചു കഴിഞ്ഞിരിക്കണം.

ബലിപീഠത്തിനും ചുറ്റും ഒരു പറ്റം ബാലകരായ ശുശ്രൂഷികൾക്കൊപ്പം വൈദിക ശ്രേഷ്ഠനും വന്നുനിരന്നു. ഈ പരിപാവനമായ മുഹൂർത്തത്തിൽ പ്രത്യക്ഷപ്പെടുന്ന സ്നേഹപാരാവാരമായ ദിവ്യ പ്രദർശനം എല്ലാവരുടെ ഹൃദയങ്ങളും അത്രമേൽ തോജോമയമായിരിക്കുന്നു.

ദിവ്യഗാനങ്ങൾ ആലപിക്കുന്നവർ സർവ്വരും, ഭക്തിനിർഭരമായ ഹൃദയപുഷ്പങ്ങളോടെ ദേവാലയത്തിലേക്കു വന്നു ചേർന്നു കഴിഞ്ഞു. എന്നാൽ ചിലർ മാത്രം പള്ളിക്ക് ചുറ്റുവട്ടത്തെ ചുറ്റിപ്പറ്റി നിന്ന വഴി വാണിഭക്കാരോട് കാര്യമായി പേശിക്കൊണ്ടു നിൽക്കുന്നു. അവർ നിശ്ചയമായും രാവിലത്തെ വിശുദ്ധബലിയിൽ സംബന്ധിച്ചിരിക്കുമെന്നുറപ്പാണ്.

ഇതിനിടെ സാക്ഷാൽ ദേവാലയശുശ്രൂഷി ഭക്തജനങ്ങൾക്കിടയിലൂടെ അതിശ്രീഘ്രം നൂഴ്ന്ന് കടന്ന് സങ്കീർത്തനമുറിയിലേക്കു ഓടിക്കയറി. പിന്നീട് മൂന്നാമത്തെ ദേവാലയമണിമുഴങ്ങിക്കഴിഞ്ഞു. ദിവ്യപൂജക്കുള്ള സമയം സമാഗതമായി.

കടുത്ത മഞ്ഞുകാലം കൂട്ടംകൂടി നിൽക്കുന്നതുകൊണ്ടാവാം ശൈത്യം ദൈവജനത്തെ ആക്രമിക്കാൻ മുതിരാത്തത്. രാവിലെ മുതൽക്കുതന്നെ സൂര്യൻ പണിമുട ക്കിലാണെന്ന് തോന്നുന്നു. ദിവ്യബലിക്കുമുമ്പേ പുരോഹിത ശ്രേഷ്ഠൻ പ്രസംഗിക്കാൻ തുടങ്ങി. ദിവ്യബലിയിൽ ഭക്തജനങ്ങൾ സജീവമായി സംബന്ധിക്കേണ്ടതിന്റെ അനിവാര്യത ഉദ്ബോധിപ്പിക്കുക കൂടിയാവണം ലക്ഷ്യം. പ്രസന്നവദനനായ വൈദിക ശ്രേഷ്ഠൻ പ്രസംഗിക്കാനാരംഭിക്കുന്നു. അദ്ദേഹം തന്റെ കർമ്മനിരതനായ മുൻഗാമിയെ ഓർമ്മിപ്പിക്കുന്ന വിധം, ഉജ്ജ്വലനായ വാഗ്മിയും ഗാഢസാന്ദ്രമായ സ്വരത്തിന്റെ ഉടമയുമാണ്. അക്കാര്യത്തിൽ യാതൊരാൾക്കും സന്ദേഹത്തിന് ഇടനൽകാത്തവണ്ണമായിരുന്നു അദ്ദേഹത്തിന്റെ ഓരോ വാക്കും. വിശുദ്ധഗ്രന്ഥത്തിന്റെ താളുകളിൽ

നിന്ന് അദ്ദേഹം സമൃദ്ധമായി ഉദ്ധരിച്ചു. പഴയ നിയമമായിരുന്നു പഴയ ഇടയശ്രേഷ്ഠനും പ്രിയതരം. ഇപ്പോഴത്തെ ശ്രേഷ്ഠൻ പക്ഷേ ഊന്നിയിരുന്നത് പുതിയ നിയമത്തിലാണ്. യേശുക്രിസ്തുവാണ് പുതിയ നിയമത്തിന്റെ ശിരസ്സ്. അനന്തരം പുരോഹികവര്യൻ ആരായാൻ തുടങ്ങി.

ഈ പട്ടണ ഇടവകയിൽ എത്ര കുടുംബങ്ങൾ ഉണ്ടാകും ? ഓരോ കുടുംബത്തിൽ എത്രമാത്രം അംഗങ്ങൾ ഉണ്ടാവും ? ഓരോ കുടുംബത്തിലും എത്ര കുഞ്ഞുങ്ങൾ ഉണ്ടാവും ? എല്ലാ അമ്മമാരും പഴയ കാലങ്ങളിലേമാതിരി ആണ്ടോടാണ്ട് പ്രസവിക്കാറുണ്ടോ? ഉവ്വോ? ഞാൻ അങ്ങനെ ചോദിക്കുന്നതിൽ ആരും പ്രക്ഷുബ്ധചിത്തരാകരുത്, കാർമേഘങ്ങൾ വിശുദ്ധഗണത്തിന്റെ പ്രകാശത്തെ വിഴുങ്ങിക്കളയുന്നുണ്ടോ എന്നു ഞാൻ ആശങ്കിക്കുന്നു. കടൽത്തീരത്തെ മണൽത്തരികൾ പോലെയും, ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും നിങ്ങൾ പെറ്റുപെരുകുന്നതേയില്ല. അതല്ലേ സത്യം? എന്റെ ഊഹങ്ങൾ അബദ്ധങ്ങളൊന്നുമല്ലല്ലോ? അല്ലേ ? മലഞ്ചെരുവുകളിൽ അങ്ങിങ്ങായി കാണപ്പെടുന്ന ഒറ്റപ്പെട്ട മുൾച്ചെടികൾക്കു സമാനമായിരിക്കുന്നുവോ പൂക്കാനിചമല്ലാത്ത ഈ ഇടവകകൾ ? അലങ്കാരഭുഷകളിലാണ് നിങ്ങളിൽ ബഹുസഹസ്രത്തിനുംഭ്രമം ! അത് നീതിപൂർവ്വകരമായ വീക്ഷണത്തിൽ ഉൾപ്പെടുന്നതെങ്ങനെ ? അദ്ദേഹം കത്തിക്കയറുകയാണ്. കണ്ണെത്താത്തത്ര ദൂരെയൊന്നുമല്ല സ്വർക്ഷയാത്രക്കുവേണ്ട വഴിത്താരകൾ!

ബന്ധപ്പെട്ടു അദ്ദേഹം ശബ്ദമുയർത്തി : വഴി തെറ്റിപ്പോയവരാണോ നിങ്ങളുടെ വഴികാട്ടികൾ ? ഒരു ദിശാസൂചകവം ഒരു മാത്ര ദൃശ്യമില്ലെന്നും നിങ്ങൾ കരുതുന്നു. യുദ്ധങ്ങളും, പകർച്ചവ്യാധികളും സാമ്പത്തിക ഞെരുക്കങ്ങളും നിങ്ങൾ കരുതുന്നു. യുദ്ധങ്ങളും, പകർച്ചവ്യാധികളും സാമ്പത്തികഞെരുക്കങ്ങളും നിങ്ങൾ ജീവിതാഘോഷത്തിന്റെ താളുകളിൽ തന്മയത്വപൂർവ്വം കുറിച്ചുവെക്കുകയാണ്. അത് ശാശ്വതസമാധാനത്തിന്റെ ധർമ്മമാർക്ഷമാക്കുവാൻ ഒരു വിധത്തിലുള്ള സാധ്യതയുമില്ല. പൊള്ളുന്ന ചിന്തകൾ പകർന്നു നൽകുന്നതിനിടയ്ക്ക് അദ്ദേഹത്തിന്റെ ശബ്ദം തീക്ഷ്ണമായി.

ആരേ സന്തോഷിപ്പിക്കാനാണ് നിങ്ങൾ ഈ വിധമെല്ലാം പരക്കം പായുന്നത് ? ആരെയും സഹായിക്കാനുള്ള സന്മനസ്സ് നിശേഷം നഷ്ടപ്പെട്ടു പോയവരാണോ നിങ്ങൾ? ഞാൻ ആവർത്തിക്കാൻ നിർബന്ധിതനാവുകയാണ്.



ഞാനിതൊക്കെ പറയുമ്പോൾ നിങ്ങൾ അശേഷം ക്ഷുഭിതരാകരുത്, വ്യസനിക്കുകയുമരുത്... അതുകൊണ്ട്..

അതുവരയേ അയാൾ കേട്ടുള്ളു. പെടുന്നനെ ഉറക്കം തന്നെ വന്നുപിടികൂടുന്നത് അയാൾ ഒട്ട് അറിഞ്ഞതുമില്ല. വയസ്സായി വരുകയല്ലേ? ഇതുവരെ ഞാൻ അതൊന്നുംതെല്ലും ഗൗനിച്ചിരുന്നില്ല. തലേന്നാളത്തെ ഉറക്കച്ചടവുണ്ടോ തിരുമനസ്സ് അറിയുന്നു. പെടുന്നനെയെന്നോണം സ്വപ്നങ്ങൾ വന്ന് തന്നെ വളഞ്ഞിട്ടും പിടികൂടുന്നതായി അയാൾക്കു തോന്നിത്തുടങ്ങിയിരിക്കണം.

ചടുപിടുന്നനെ ഒരു ഇടുങ്ങിയ തെരുവ് അയാളുടെ മുമ്പിൽ ജക്ഷണം പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. ദ്രുതഗതിയിൽ അയാൾ നിദ്രാധീനനായി. എന്നാൽ കണ്ണുകൾ കണ്ണടയ്ക്കുള്ളിൽ നിൽക്കുന്നു. ഇപ്പോൾ ആരാണ് സ്വയം തന്റെ മുന്നിൽ ദൃശ്യമാകുന്നത്?

പഴകിയ കുറെ പിഞ്ഞാണങ്ങൾ, ഞെളങ്ങിപ്പോയ ചില്ലറ സ്വർണ്ണാഭരണങ്ങൾ, കഴു

ത്തിൽ ജന്മനാശയിക്കുന്ന ഒരു നെടുനീളൻ വെന്തിങ്ങ!

അയാൾ അതിനു കുറുകെ മനസ്സിനെ കടത്തിവിടുന്നു. എത്രയോ ആയിരം ശതാബ്ദങ്ങൾ ഇതിനകം കടന്നു പോയിരിക്കുന്നു.?

തൊട്ടരികിൽ ശിരസ്സ് കുനിച്ച്, മിഴികൾ സ്രഷ്ടാവിൽ ഊന്നി. പ്രിയപ്പെട്ട വധു കണ്ണീരണിഞ്ഞ് മുട്ടുകുത്തി നിൽക്കുന്നു. ഒരു തരം വ്യഥ ഇപ്പോൾ വധുവിനെ മഥിക്കുന്നുണ്ടോ? ഞാൻ വെറുതെ ശങ്കിക്കുന്നതാണോ ? കുലീനയും നിഷ്കളങ്കയുമാണ് ആനി. കെടാവിളക്കു സമാനം അവൾ നിർമ്മലചരിതയുമായിരുന്നു.

ഞാൻ ആനിയുടെ പിൻകഴുത്തിൽ, വൈദികശ്രേഷ്ഠൻ വെഞ്ചരിച്ചു തന്ന തൂവെള്ളച്ചരടിൽ കോർത്ത താലി ചാർത്താൻ കൈകൾ വിറപൂണ്ടു നിൽക്കുന്നു.

ഒപ്പം സാക്ഷിയായി നിൽക്കുന്ന ഏറ്റവും ചെറിയ പേപ്പൻ ശബ്ദം താഴ്ത്തി ചെവികളിൽ മന്ത്രിക്കുന്നു.

"എന്തിനാണ് ചെറുക്കാ, നീ ഇത്രയധികം സംഭ്രമിക്കുന്നത് ? കർത്താവിനെയോർത്ത് സാവകാശം നീ ആ ചരടൊന്ന് മുറുക്കിയേക്ക്.'

പിന്നീട് ഞാൻ അശേഷം അധൈര്യപ്പെട്ടതേയില്ല. എവിടെ ഒളിഞ്ഞുനിന്നാണ് തമ്പുരാൻ ഈ ബദ്ധപ്പാടും ഭീതിയും കൈവെടിയാൻ എന്നെ പ്രചോദിപ്പിച്ചത്?

തുടർന്ന് ആനിയുടെ പിൻകഴുത്തിൽ സ്നേഹത്തിന്റെ സനാതന മുദ്രയായ താലിച്ചരട് മുറുക്കുമ്പോൾ താൻ പുഞ്ചിരിക്കുവോ ? കർത്താവ് എല്ലാം കാണുന്നുണ്ട്. ആനിയാകട്ടെ, ഉൾക്കണ്ണുകൾകൊണ്ട് കർത്താവിൽ മാത്രം പൂർണ്ണശ്രദ്ധ അഗാധമായി പതിപ്പിച്ചു കൊണ്ട് ധ്യാനമുഗ്ദയായി കർത്താവിൽ ലയിച്ചു നിൽക്കുന്നു.

അസാമാന്യമായ സാമ്യങ്ങൾ ഈ ദമ്പതികൾക്കു തമ്മിൽ ഉണ്ടെന്ന് പറഞ്ഞത് ഇരുവരുടേയും ആത്മസുഹൃത്തായ ഫാ. ജോൺ കവലക്കാട്ടായിരിക്കണം. ആനിയുടെ ശിരസ്സിൽ ചാർത്തിയ മന്ത്രകോടിയും, മറ്റു ശിരോവസ്ത്രവും ആരാണ് കയ്യിൽ പിടിച്ചിരിക്കുന്നത്? ഒന്നും ഓർമ്മയിൽ തെളിഞ്ഞുനിൽക്കുന്നില്ല.

പിന്നീട് ജീവിതഗതികൾ ശരവേഗത്തിൽ നക്ഷത്രങ്ങൾ മാതിരി മാറി മറിയാൻ തുടങ്ങി.

സുഖാനുഭവങ്ങൾ എനിക്കോ, പ്രിയതമയ്ക്കോ സ്വപനമോ പോരാട്ടമോ, ഭീതി പകരുന്ന ഉച്ചഭാഷിണിയോ ആയി ഈ കാലത്തിനിടക്കു അനുഭവപ്പെട്ടിരുന്നില്ല..

എത്ര കാലമാണ് വാടകയ്ക്ക് താമസിച്ചു പോന്നത്. ഓരോ വാടക വീടും ഒഴിമ്പോഴും ആനി കൂടുതൽ വെടിപ്പോടെ അവ വൃത്തിയാക്കിപ്പോന്നു. എല്ലാവർക്കും ആനിയെ പ്രാണനായിരുന്നു. സംഭവഗതികൾ എത്ര മാത്രമാണ് കുഴഞ്ഞുപോയത്. ജോലിയിൽ തീരഞ്ചും വ്യാപൃതയായിരുന്നു ആനി. കുട്ടികൾക്കെല്ലാം ആനി മിസ്സിനെ വല്ലാത്ത ഇഷ്ടവുമായിരുന്നു. ഞാനും ഏതാണ്ട് അതേ അവസ്ഥയിലായിരുന്നുവെങ്കിലും വിദ്യാർത്ഥികളോട് അത്രയൊന്നും അടുത്ത അധ്യാപകനുമായിരുന്നില്ല. ഏതു ജീവിതശൈലിയിലും സ്നേഹവും ഔദാര്യവും, കാരുണ്യവും പൂത്തുലയുന്ന പ്രകൃതിയുമായിരുന്നു ആനിയുടേത്.

അതുകൊണ്ടാവണം കുട്ടികൾ മക്കളുമൊത്ത് മിസ്സിനെ കാണാൻ ഇടയ്ക്ക് വരാറ്

പതിവ്.

അങ്ങനെയാണ് സ്നേഹത്തിന്റെ വൃക്ഷത്തിൽ കായ്ഫലമുണ്ടാകുന്നത്.

പാതി കാര്യമായും പാതി തമാശയുമായും ഞങ്ങൾ പരസ്പരം ഏറ്റുമുട്ടാറുണ്ട്.

പുഷ്പശയ്യകൾ നിഷ്കളങ്കമാണെന്ന് കോപാന്ഡർക്ക് നിഷ്കർഷിക്കാവതല്ലല്ലോ?

മനസ്സിനകത്തേക്ക് സ്മൃതികൾ ഇരച്ചുകയറി വരികയാണ്.

ഓരോ ഇരുട്ടും ഒടുവിൽ കൊണ്ടുവരുന്നത് വെളിച്ചത്തിന്റെ തുടുത്ത കണങ്ങളാണ്.

ലോകത്തെ സന്ദർശിക്കുന്ന ഓർമ്മയുടെ വേരുകളിൽ ആനി പിന്നെയും തിങ്കൾ ഒളി പോലെ പൂത്തുവരുന്നുണ്ട്. എന്റെ ജീവിതത്തെ ഇത്രയധികം സ്പർശിച്ച മറ്റൊരാളില്ല ഭൂലോകത്ത്.

ആനിയുടെ ഹൃദയപുഷ്പത്തിൽ, തമ്പുരാന്റെ പഞ്ഞിയ്ക്കൊത്ത വെൺമ തൂകുന്ന കയ്യൊപ്പ് കാണാം.

കാലം കുറച്ച് കടന്നുപോയെങ്കിലും ആ യഥാർത്ഥ്യബോധത്തിൽ നിന്ന്, ബാഹ്യ ലോകത്തേക്കു കടന്നു ചെല്ലാനോ, പൂർണ്ണമായും മുക്തനാവാനോ എനിക്ക് അൽപം പോലും കഴിയുന്നതേയില്ല. ഇക്കണ്ടകാലമായിട്ടും.

ഞാൻ അതിനായി ആത്മാവ് കൊണ്ടും ശരീരം കൊണ്ടും രാപ്പകൽ ഭേദമന്യേ, എത്രമാത്രം പരിശ്രമിച്ചു നോക്കിയോ അതിന്റെ പതിന്മടങ്ങ് വേഗത്തിലും, ഊക്കോ ടെയും ആനി എന്റെ ഹൃദയത്തിന്റെ പടിവാതിൽക്കൽ വന്ന് കുമ്പിട്ടു നിൽക്കുന്നതായും തിരുഹൃദയസന്നിധിയിൽ തലതാഴ്ത്തി നിന്നും പ്രാർത്ഥിക്കുന്നതായും എനിക്കു അനു ഭവപ്പെട്ടുപോകുന്നു. അപാരമായ ക്ഷമയാണ് ജീവിച്ചിരിക്കെ ആനി പ്രകടിപ്പിച്ചിരുന്ന ആനി

ക്കിപ്പോൾ ചിറകുകൾ മുളച്ചുകഴിഞ്ഞിരിക്കുന്നു. ആനിക്ക് ചിറകുകൾ നൽകിയിരിക്കുന്നത് ആകാശത്തിലെ പരമവിശിഷ്ടനായ ജീവിതേശനല്ലാതെ മറ്റാരുമാകാനിടയില്ല.

ഞാൻ കണ്ണുകൾ കൂമ്പിയടച്ചു.

കാതുകൾ തുറന്നു പിടിച്ചു.

പതിവുപോലെ ഞാൻ ചോദിച്ചത് വിധിയാളൻ കേട്ടുവോ ? എന്തോ? എനിക്ക് എട്ടു വയസ്സുള്ളപ്പോൾ പെറ്റിട്ട അമ്മ സ്വർഗ്ഗരാജ്യത്തിലേക്കു യാത്രപോയതാണ്.

ഇനി എന്നാണ് എനിക്കുള്ള ഊഴം?

കുറച്ചുകൂടി കഴിയട്ടെ എന്നിട്ടാവാം.

മഴയുടെ തണുപ്പോ, ഗ്രീഷ്മത്തിന്റെ കൊടുമയോ എന്താണെന്നറിഞ്ഞുകൂടാ,

വിവിധ ഭാവഭേദങ്ങൾ എന്നിൽ കൂട്ടിക്കുഴഞ്ഞതുപോലെ എനിക്കിപ്പോൾ അനുഭവപ്പെട്ടു തുടങ്ങി.

പിഴച്ചകാലമെന്ന് ചിലർ ചിന്തയിൽ ഇട്ടുതട്ടുന്ന വാക്ക് മാത്രമാകുന്നുവോ ഇത്?

തോൽക്കുടത്തിലെ പഴകിയ വീഞ്ഞാണോ ഞാൻ?

അതാലോചിച്ച് നിങ്ങൾ എന്തിനാണിങ്ങനെ തലയിട്ട് പുകയ്ക്കുന്നത്?

ആനിയായിരിക്കുമോ അങ്ങനെ ചോദിച്ചുപോയത്?

പൊടുന്നനെ എന്റെ സംശയഭീതികൾ സ്വയം അകലുന്നതുപോലെ എനിക്കുതോന്നി.

ആനിയുടെ മിഴിയിണ തീജ്വാലപോലെ ജ്വലിക്കുന്നുണ്ടോ എന്തോ?

പുകയുന്ന ചിന്തകൾ ഞാൻ സ്വയം നിർമ്മിച്ചു കൂട്ടുന്നതാണോ? എനിക്കറിയില്ല അക്കാര്യമൊന്നും.

ആനി ഇപ്പോൾ ഒട്ടുമേ അഴുക്കുപുരളാത്ത ഒരു ചിരിചിരിച്ചു. ഒപ്പം മാലാഖയും.

ശിശുസഹജമായ നൈർമ്മല്യം ഇരുവരുടെ മുഖത്തും നിറഞ്ഞുനിൽക്കുന്നുണ്ട്. ഇപ്പോൾ ഭൂമുഖം ഛിന്നഭിന്നമാകുന്നതും എനിക്ക് ഗോചരീഭവിക്കുന്നുണ്ട്. പൊടുന്നനെ കപ്യാരുടെ ശബ്ദം കർണ്ണപുടങ്ങളിൽ വന്നലച്ചുനിൽക്കുന്നതു കേൾക്കുന്നു. ഞാൻ പകച്ചുപോയി കുറച്ചിട. എന്താ ഇത്രനേരമായിട്ടും മാഷ് ഉറക്കം വിട്ടുണർന്നില്ലേ?

എല്ലാവരും പള്ളിവിട്ടുപോയ്ക്കഴിഞ്ഞിരിക്കുന്നു. മാഷും കൂടി സ്ഥലം വിട്ടിട്ടുവേണം എനിക്ക് ഇതൊന്നടച്ചു പൂട്ടി വീട്ടിലേക്ക് പോകാൻ. മാഷ്ക്ക് വീട്ടിനകത്തിരുന്ന് ശാലോമിലേയും, ഷെക്കെയ്നയിലെയും കുർബ്ബാനകൾ സംബന്ധിച്ചു കൂടിയാൽ പോരെന്നുണ്ടോ മാഷേ?

ഞാൻ ചുറ്റുപാടും പാളിനോക്കി. പരിഹാസത്തിന്റെ മുൾച്ചെടികൾ പൂക്കുന്നുണ്ടോ. ചുറ്റിലും? എനിക്കുണ്ടായ ജളത്വം പ്രായം കുറഞ്ഞവർക്ക് മനസ്സിലാവില്ല. ഞാൻ പതിയെ എണീറ്റു.

ഞാൻ കേണപേക്ഷിച്ചു.

ഇനി എന്നാണ് എന്റെ ഊഴം?

ആനിയ്ക്കൊപ്പം ഭൂമിയിലേക്ക് സഞ്ചരിച്ചെത്തിയ മാലാഖ മൊഴിഞ്ഞു.

-നിനക്കിനിയും കുറച്ചുകൂടി സമയമെടുക്കാനുണ്ടാവും. അഹന്തയുടെ പാഴ്ശിഖരങ്ങൾ എന്നിൽ നിന്നും ഊക്കോടെ നിലംപതിച്ച് കഴിഞ്ഞിരിക്കുന്നതായി ഈ മാത്ര ഞാൻ തിരിച്ച് അറിഞ്ഞു കഴിഞ്ഞു.

ആനി എത്രയോ പ്രസാദവതിയായിരിക്കുന്നു. നിലാവ് പൂത്തതുപോലുള്ള ആ ചിരി ഇപ്പോഴും ഹൃദ്യമാണ്. അവർക്ക് സങ്കടമൊന്നും തോന്നുന്നില്ല. കപോലരാഗം ഇപ്പോൾ തുടുത്ത് പൂവണിഞ്ഞിരിക്കുന്നു.

ആ കാഴ്ച്ചകൾ ഈ മിഴികളിൽ അമൃതധാര തൂകുന്നുണ്ടോ? എന്തോ?

എനിക്കു ദേഹമാസകലം കുളിർമ്മ അനുഭവപ്പെടാൻ തുടങ്ങി. ഗ്രീഷ്മത്തിന്റെ കുരുപ്പുകൾ നിലംപരിശായി പതിച്ചുപോയി. പെട്ടെന്നുതന്നെ.

എത്രമേൽ ആകർഷണമാണ് ആനിയുടെ മുഖം! മൃദുഗാത്രിയാണ് ആനി.

ആനിയ്ക്കൊപ്പമെത്തിയ ദൈവദൂതൻ പതിയെ ശബ്ദം തെല്ലൊന്നുയർത്തി ഉരിയാടുന്നു.

'നിനക്കിനിയും കുറച്ചുകാലം കൂടി ചെലവഴിക്കാനുണ്ടാകും, ഈ ധരയുടെ നാൽക്കവലകളിൽ? മനസ്സിലാകുന്നുണ്ടോ നിനക്ക്?

പൊടുന്നനെ ഞാൻ ഒട്ടൊന്നു ഞെട്ടിയോ? വെയിൽ നാളങ്ങൾക്കു മീതെ കിഴക്കു നിന്ന് വന്നെത്തിയ ശീതക്കാറ്റു പൂവിട്ടു.

ഉഷ്ണവാതങ്ങളുടെ ചുഴലിയിൽ മണലിനു തീപിടിച്ചു പായുകയായിരുന്നില്ലേ ഞാനിതേവരേക്കും?

എല്ലാ കാര്യങ്ങളും ഒരു മൂടൽമഞ്ഞിൽ അകപ്പെട്ടതുപോലെ ഇപ്പോൾ എനിക്ക് അനുഭവപ്പെടുന്നതായി തോന്നി. കുറ്റം എന്റേത് തന്നെയായിരിക്കും തീർച്ച. സത്യം ഉരുവിടുന്ന ശീലത്തിൽ നിന്ന് ആനി അണുപോലും ഇടറിപ്പോയിട്ടില്ല ഇപ്പോഴും. അക്കാര്യം ഞാൻ ഗ്രഹിച്ചു തുടങ്ങിയിരിക്കുന്നു. ഓരോ തമസ്സും വെളിച്ചത്തിന്റെ തുടുത്ത കണങ്ങളെ ഗർഭത്തിൽ ചുമക്കുന്നവയാണ്. ഞാത്തുവിളക്കിന്റെ പ്രശോഭയിൽ ആനി വീണ്ടും വീണ്ടും പൂത്തുവരികയാണ്.

# അവൾ



ദിവ്യ സി ആർ.

കഥ



അവർ എന്നോട് വീണ്ടും വീണ്ടും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുകയായിരുന്നു. ആ ചോദ്യങ്ങൾ ഞാൻ അറിയാത്ത കാര്യങ്ങളെക്കുറിച്ചായിരുന്നോ, അതോ എന്റെ ഓർമ്മച്ചെപ്പിൽ എവിടെയോ ഒളിഞ്ഞുപോയവയെക്കുറിച്ചായിരുന്നോ എന്ന് എനിക്ക് സ്വയം സംശയം തോന്നിത്തുടങ്ങി. എങ്കിലും, മനസ്സിൽ അവശേഷിച്ച മങ്ങിയ ഓർമ്മകളെ മുഴുവൻ കൂട്ടിപ്പിടിച്ച്, കൃത്യമായിത്തന്നെ ഞാൻ ആ പോലീസുകാരോട് പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ, അവർക്കെന്നെ വിശ്വാസം വരാത്തതുപോലെയായിരുന്നു അവരുടെ പെരുമാറ്റം...

വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്ന ചോദ്യങ്ങൾ.. അതിന് ഞാൻ നൽകുന്ന അതേ ഉത്തരങ്ങൾ..

ഒടുവിൽ, അവരുടെ സ്വരത്തിലെ ഗൗരവവും പരുഷമായ ഭീഷണിയും എന്റെ മറുപടികളെ ഒട്ടും ബാധിക്കുന്നില്ലെന്ന് അവർക്ക് മനസ്സിലായപ്പോഴാകണം, അവരുടെ കണ്ണുകളിൽ നേരിയൊരു വിശ്വാസം കണ്ടുതുടങ്ങിയത്.

അല്ലെങ്കിലും, ഞാനെന്തിനാണ് അവരോട് നുണ പറയേണ്ടത്..?

'ഇതെന്തു സ്ത്രീ?' എന്ന അത്ഭുതത്തോടെയും, 'എന്തൊരു അമ്മയാണിത്..?' എന്ന പുച്ഛത്തോടെയും അവർ ഒടുവിൽ എന്റെ മുറി വിട്ട് പുറത്തിറങ്ങി.

അവർക്ക് അറിയേണ്ടിയിരുന്നത് എന്നോ എനിക്ക് നഷ്ടപ്പെട്ടുപോയ എ

ന്റെ മകളെയും കുറിച്ചായിരുന്നു. എവിടെയോ വച്ച് ഒരു പെൺകുട്ടി ദുരൂഹമായ സാഹചര്യത്തിൽ കൊല്ലപ്പെട്ടെന്നും, അവളുടെ കൂടെയുണ്ടായിരുന്ന യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തുവെന്നുമാണ് അവർ പറയുന്നത്. ആ മരിച്ച പെൺകുട്ടി എന്റെ മകൾ തന്നെയാണോ എന്ന് ഉറപ്പിക്കാനും, അവളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാനുമായിരുന്നു അവർ എന്നെ തേടിയെത്തിയത്.

എനിക്ക് നഷ്ടപ്പെട്ടുപോയ മകളെക്കുറിച്ച് ഞാൻ അവരോട് എന്താണ് പറയേണ്ടത്..?

അവർ കാണിച്ച ഫോട്ടോയിലെ പെൺകുട്ടിയുടെ രൂപം സത്യത്തിൽ എനിക്ക് തീർത്തും അപരിചിതമായിരുന്നു. എങ്കിലും, ആ കണ്ണുകളിൽ അവശേഷിച്ചിരുന്ന കുസൃതിയുടെ തിളക്കം ഒരു നിമിഷം എന്നെ പിടിച്ചുനിർത്തി; വീണ്ടും എന്നെ എന്റെ പഴയ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

അവളെന്റെ കൺമുന്നിൽ വെച്ചാണ് എനിക്ക് നഷ്ടപ്പെട്ടത്.

ഒരൊറ്റ നിമിഷം കൊണ്ട്..!

ഞാൻ എത്ര വിളിച്ചു കരഞ്ഞിട്ടും, ഒന്നു തിരിഞ്ഞുപോലും നോക്കാതെ അവൾ ആ ഇരുളിലേക്ക്...

'അയ്യോ...'

എനിക്കത് ഓർത്തെടുക്കാൻ കൂടി വയ്യാ!

ഭീമാകാരന്മാരായ വണ്ടുകൾ എനിക്കു ചുറ്റും ഭീതിദമായ ഒച്ചയുണ്ടാക്കി പറക്കുന്നതുപോലെ... ആ മഴപ്പെരുക്കങ്ങളിൽ വവ്വാലുകൾ എന്നെ ഭയപ്പെടുത്തുന്നു. ഓടിയൊളിക്കാനൊരിടവുമില്ലാതെ, ഞാൻ എന്റെ മുറിയിൽ പുസ്തകങ്ങളുടെ കൂമ്പാരത്തിനുള്ളിൽ കണ്ണുകളും കാതുകളും മുറുക്കെയടച്ച്..

ഗർഭകാലത്ത് ഒരു പെൺകുഞ്ഞുണ്ടാവാൻ ഞാൻ ആഗ്രഹിച്ച നിമിഷങ്ങൾ... അവളുടെ ജനനം അറിയിച്ചുകൊണ്ട് വീട്ടിലുണ്ടായ ആ വലിയ ഉത്സവം... എല്ലാവരുടെയും വാത്സല്യം നുകർന്ന് വളർന്ന, നിഷ്കളങ്കത വിട്ടുമാറാത്ത കുട്ടി...! അവളുടെ കുസൃതികളും കളിചിരികളും നിറഞ്ഞ ആ നാ



ളുകൾ...!

മനസ്സ് കൊട്ടിയടച്ചിട്ടും ഓർമ്മകളിൽ നിന്നും എന്നെ വേട്ടയാടുന്ന ഈ ഭീതിയിൽ നിന്നും ഞാനെങ്ങനെയാണ് രക്ഷപ്പെടേണ്ടത്..?

എന്റെ നഷ്ടങ്ങളുടെ ഏറ്റവും വലിയ ആഴങ്ങളേക്കാൾ എന്നെ വേദനിപ്പിച്ചത്, ഏറെ വിശ്വസിച്ചവർ തന്നെ കഴുത്തിലേക്ക് ആഴത്തിൽ കുത്തിയിറക്കിയ കത്തി കണ്ടപ്പോഴാണ്. മനസ്സിന്റെ പിരിമുറുക്കങ്ങളിൽ ഭയം മാത്രം അവശേഷിപ്പിച്ച്, ഞാൻ എന്നിലേക്ക് തന്നെ വരിഞ്ഞുമുറുക്കപ്പെട്ടിരിക്കുന്നു. ചുറ്റും നിറയുന്ന പരിഹാസങ്ങളിലേക്കോ സഹതാപങ്ങളിലേക്കോ എന്റെ മിഴികൾ ചലിക്കുന്നുണ്ടായിരുന്നില്ല. എന്റെ കാതുകൾ ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല.

പതിയെ പതിയെ 'മനുഷ്യൻ' എന്നത് എനിക്ക് അപരിചിതമായ പദവും'ഭ്രാന്തി' എന്നത് പരിചിതമായ ഒരു പദവുമായി മാറി.

?ആകാശത്തോളം വളർന്ന സ്വപ്നങ്ങൾ ഒരുൾക്ക പോലെ ചിതറിത്തെറിച്ചത് എന്റെ ചിന്തകളിലേക്കു കൂടിയാണെന്നു തോന്നുന്നു. ചിലതൊക്കെ എത്ര ശ്രമിച്ചിട്ടും ഓർത്തെടുക്കാൻ കഴിയുന്നില്ല. പലരും പലതും പറഞ്ഞിട്ടും അതൊന്നും എന്റെ ഓർമ്മകളുടെ തുരുത്തുകൾക്കു പോലും അജ്ഞാതമായി തുടരുന്നു..

നിങ്ങൾക്ക് ഓർമ്മയുണ്ടോ ആ രാത്രി.?

എനിക്കെന്റെ മകളെ നഷ്ടപ്പെട്ട ആ രാത്രി..!

അച്ഛന്റെയും അമ്മയുടെയും വിരലുകളിൽ കുഞ്ഞുവിരലുകൾ ചേർത്തുപിടിച്ച്, കുസൃതിയോടെ അവൾ അച്ഛനോടൊപ്പം നടക്കുകയായിരുന്നു. കൂടുതൽ സ്നേഹത്തോടെ അച്ഛന്റെ കൈകളിൽ ചേർത്തു പിടിച്ച് ആ യാത്ര തുടർന്നപ്പോൾ..

പെട്ടെന്ന് മഴത്തുള്ളികൾ ചാറിത്തുടങ്ങി. മഴയുടെ ഇരുൾ രാവിനേക്കാൾ കൂടുതൽ ഇരുട്ടിന് കനം കൂട്ടി. മഴത്തുള്ളികളുടെ ആവേഗം ശ്രദ്ധിക്കാതെ ഞങ്ങൾ അപ്പോഴും യാത്ര തുടരുകയായിരുന്നു..!

കനത്തു തുടങ്ങിയ മഴത്തുള്ളികൾക്ക് ഞങ്ങളുടെ കാഴ്ചകളുടെ ശക്തി കുറച്ചു. ശക്തമായി ചിതറിയടിച്ചൊരു മിന്നലിൽ, അവൾ ആ ഇരുളിലേക്ക് ഒഴുകിമറയുന്നത് ഞാൻ കണ്ടതാണ്! തൊണ്ട പൊട്ടുന്ന ശബ്ദത്തിൽ അലറിവിളിച്ചിട്ടും, അവൾ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ ആ രാത്രിയുടെ ആഴക്കയങ്ങളിലേക്കിറങ്ങിപ്പോയി.

എത്രയോ രാവുകളും പകലുകളും, പൗർണമിയും അമാവാസിയും മാറിമറിഞ്ഞു പോയി. മഴയും കാറ്റും ഇടിമിന്നൽ വേഗങ്ങളും കാലത്തിനൊപ്പം കടന്നുംപോയി. ഇന്നും തിരിച്ചുവരാത്ത മകളെ തേടുന്ന /തേടലുകൾ മാത്രമാണെന്ന് അറിയാമായിരുന്നിട്ടും തുടരുന്ന ഈ ജീവിതയാത്രയെ കുറിച്ചാണ് ഇന്നവർ ചോദിക്കുന്നത്.

'ഇവർക്ക് ഭ്രാന്താണോ...?'

പുറത്തു നിന്ന ആരോടോ അവർ ചോദിക്കുന്നത് എന്റെ കാതുകളിൽ മുഴങ്ങുന്നുണ്ട്. അതിനു മറുപടിയൊന്നും ആരിൽ നിന്നും കേട്ടില്ല. ഞാൻ വീണ്ടും ചെവികൾ കൂർപ്പിച്ചു നോക്കി.

ആരെങ്കിലും എന്തെങ്കിലും പറഞ്ഞുവോ..?

അറിയില്ല.

ഒന്നും കേൾക്കുന്നില്ല.

ബൂട്ടുകളുടെ ശബ്ദം ആ മുറിയിൽ നിന്നും അകന്നു തുടങ്ങി. അസ്വസ്ഥമായൊരു ആ ദിവസത്തിന്റെ വാതായനങ്ങൾ വലിച്ചടച്ച്, ഞാൻ എന്റെ ലോകത്തിലേക്ക് ചുവടുകൾ വച്ചു.

ചുറ്റിലും നിറയുന്ന സംഗീതം..! കാറ്റിന്റെ താളമേളഭാവങ്ങൾ... പ്രകൃതി ചുംബിച്ചുകെട്ടിയ പൊൻചിലങ്കകളെന്റെ പാദങ്ങളെ ക്ഷണിക്കുന്നു; എന്നെ 'ഞാനായി'..!

ഒരു വർണ്ണശലഭത്തിന്റെ മനോഹാരിതയ്ക്കായി അതാ അവരവിടെ കാത്തിരിക്കുന്നു...

അവിടെ ഞാൻ മകളല്ല, ഭാര്യയല്ല, അമ്മയുമല്ല...

ഉന്മാദിനിയായൊരു നർത്തകി മാത്രം..!

കഥ



# ജാതകം



ദർശന

‘കുട്ടീടെ ജാതകം വേണം ട്ടോ‘ .

‘ജാതകോ ? അതിന് ജാതകം ഇതുവരെയും എഴുതിച്ചിട്ടില്ല്യ‘.

‘എന്നു പറഞ്ഞാൽ എങ്ങനെയാ, നിശ്ചയത്തിന് ജാതകം കൈമാറണ്ടെ?‘ ചെക്കന്റെ അമ്മാവൻ.

‘ജനിച്ച നാളും നേരോം പറഞ്ഞുകൊടുത്താ ഇണ്ടാക്കാൻ പ്രയാസല്ല്യ
‘.

സുഹൃത്ത് അയാളുടെ ചെവിയിൽ പറഞ്ഞു.

കുട്ടീടച്ഛന്റെ മങ്ങിയ മുഖത്ത് തെളിച്ചം വീണു.

നാളും നേരവും ഒക്കെയായി അയാൾ പറഞ്ഞുകൊടുത്ത കണിയാന്റെ അടുത്ത് കുട്ടീടച്ഛൻ എത്തി.

കണിയാൻ കുറിച്ചു കൊടുത്തു കുറിപ്പടി.

‘കുട്ടിക്ക് വിശേഷാൽ യോഗങ്ങൾ രണ്ടാ. അമലായോഗോം ഗജകേസരീം.

ജാതകവശാൽ ബഹു കേമം‘

കുട്ടീടച്ഛൻ കണ്ണുമിഴിച്ചു .

‘തസ്യ ജന്മസമയേ ശശി ലഗ്നാൽ
സദ്ഗ്രഹോയദിച കർമ്മണി സംസ്ഥ:
തസ്യ കീർത്തി രമലാ ഭുവി തിഷ്ഠേ
ദാ യുഗാനുമവിനാശി ത സമ്പൽ‘

നീട്ടിയൊരു ശ്ലോകം ഉരുവിട്ട് കണിയാൻ കുട്ടീടച്ഛനെ നോക്കി ചോദിച്ചു. ‘വല്ലോം മനസ്സിലായോ?‘

‘ഇല്ല്യ ‘.

ജ്യോതിഷവുമായി പുലബന്ധം പോലുമില്ലാത്ത അയാൾ അന്തം വിട്ടിരുന്നു .

‘ന്നാച്ചാ , ജന്മലഗ്നത്തിന്റെയോ ചന്ദ്രലഗ്നത്തിന്റെയോ പത്താം ഭാവത്തിൽ ശുഭ

ഗ്രഹസ്ഥിതിണ്ടായാൽ അമലായോഗം ന്നാ പറയാ.

ഈ കുട്ടിക്ക് അതുണ്ടേ. ജാതകവശാൽ സമ്പത്തും സൽകീർത്തിയും ഫലം '.

'ഉവ്വോ ?'കുട്ടീടച്ഛൻ നെടുവീർപ്പിട്ടു.

വന്നിരിക്കണത് കൊള്ളാവുന്ന കൂട്ടരാണ്. ഒന്നും ചോദിച്ചിട്ടില്ല. കുട്ടീനെ മാത്രം മതീന്നാ പറയണത് .

'ജന്മവശാൽ ഗജകേസരിയോഗംണ്ടാവണത് അപൂർവാ'.

കണിയാന്റെ ശബ്ദം അയാളെ ചിന്തയിൽ നിന്നുണർത്തി.

'കേസരി യോഗേ ജാതോ ധനവാൻ, സ്വകുലാധിപോ മഹാപ്രജ്ഞ ഗ്രാമപുര നഗര കർത്താ

സഹസ്രമാസേ ച ജീവിതം വിദ്യാത് .

ന്നാ പറയാ.

ഇത്തരക്കാര്ക്ക് കാശിനും ബുദ്ധിക്കും പഠിപ്പിനും ഒരു പഞ്ഞവും ഉണ്ടാകില്ല്യാന്നാണ് ഫലം . ആയുസ്സും കൂടുതലാ. ന്വച്ചാ ആയിരം മാസം ജീവിച്ചിരിക്കും ന്നാ പറയാ'.

ഇതിൽ കൂടുതൽ എന്താ വേണ്ടത് . കുട്ടീടച്ഛന്റെ കണ്ണ് നിറഞ്ഞു. നേരാംവണ്ണം മോൾക്ക് ഭക്ഷണം കൊടുക്കാനോ പഠിപ്പിക്കാനോ കഴിഞ്ഞിട്ടില്ല . ഒരു നല്ല പാവാടത്തുണി വാങ്ങി കൊടുത്തിട്ടില്ല . എന്നാലും ഇതിനൊക്കെ യോഗംണ്ടല്ലോ. ഇനിയെങ്കിലും സുഖമായി ജീവിക്കട്ടെ.

ജാതകം എഴുതി തന്നയാൾക്ക് സന്തോഷസൂചകമായി ദക്ഷിണയ്ക്ക് പുറമേ കൈയിലുണ്ടായിരുന്ന പണം കൂടി എടുത്തു കൊടുത്തു അയാൾ .

ബസ്റ്റോപ്പിൽ ചെന്ന് പോക്കറ്റിൽ തപ്പി നോക്കി. കഷ്ടി വീടെത്താനുള്ള വകയുണ്ട്. ഒരു ചായ കുടിക്കണംന്നുള്ള ആഗ്രഹത്തെ ഉമിനീരിറക്കി തടഞ്ഞു .

ജാതകം ഭദ്രമായി കയ്യിൽ പിടിച്ചു .

നിശ്ചയത്തലേന്ന് രാത്രി അയാൾ ഭാര്യയോട് പറഞ്ഞു.

' നീ നോക്കിക്കോ അവള് രക്ഷപ്പെടും . രാഘവക്കണിയാൻ പറഞ്ഞത് വെച്ച് ഇനി അവൾക്ക് വെച്ചടിവെച്ചടി കേറ്റാ'.

'പഠിപ്പിക്കാൻ വിടോ അവര് ?'ഭാര്യ ആധിയോടെ ചോദിച്ചു .

'ഇഷ്ടംപോലെ കാശുണ്ട് പിന്നെന്താ '.

പെൺകുട്ടി അത് കേട്ട് വിഷണ്ണയായി മുറുക്കുള്ളിൽ ഇരുന്നു .

'മേമേ , ഒന്ന് ചോദിക്കൂട്ടോ അവരോട് എനിക്ക് പഠിക്കണം'.

കുട്ടീടെ നിർബന്ധം സഹിക്കവയ്യാതെ മേമ ചെക്കന്റെ അച്ഛൻ പെങ്ങളോട് നയത്തിൽ ചെന്നു മുട്ടി .

'കുട്ടിക്ക് ഒന്നും അറിയില്ല്യാട്ടോ. കോളേജില് പഠിച്ചിരുന്നതല്ലേ . എല്ലാം നിങ്ങള് പറഞ്ഞു കൊടുക്കണം. നല്ല മാർക്ക് ണ്ട് അവൾക്ക്. റിസൾട്ട് വന്നാ ഇനിയും പഠിപ്പിക്കുംല്ലേ ?'

'പഠിപ്പിക്കേ ', ചെകുത്താൻ കുരിശ് കണ്ടതുപോലെ അവരുടെ മുഖം ചുളിഞ്ഞു. 'ഓരൊക്കെ ഇഷ്ടം പോലെ കൃഷീം പശൂം ഒക്കേള്ള വീട്ടാരാ . ചെക്കന്റമ്മ നിത്യ രോഗി. ഓൾക്ക് ഒരു സഹായത്തിനാ അല്ലാണ്ട് ...'

കുട്ടിയുടെ ഹൃദയം നുറുങ്ങി. നനഞ്ഞ കണ്ണുകൾ കണ്ട് വേവലാതിപ്പെട്ട് വന്ന അച്ഛനെ നോക്കി കണ്ണിൽ കരട് വീണതാണെന്ന് കള്ളം പറഞ്ഞു.

പുതിയവീട്ടിൽ ദിവസങ്ങളും മാസങ്ങളും കടന്നുപോയത് അവൾ അറിഞ്ഞില്ല.

ഒരിക്കലും അവസാനിക്കാത്ത കുടുംബഭാരം അവളെ തളർത്തി. പകൽ സമയത്ത് ഇണങ്ങാത്ത പശുവും പാതിരാത്രികളിൽ കോസ് തീറ്റയും സൈൻ തീറ്റയും അവളുടെ ഉറക്കം കെടുത്തി . അങ്ങനെയൊരു രാത്രിയിലാണ് ഭൂഗോളത്തിന്റെ സ്പന്ദനം കണക്കിലാണെന്ന് പഠിപ്പിച്ച ചാക്കോ മാഷെ പുച്ഛത്തോടെ അവഗണിച്ച് ചേരാത്തവയുടെ ചേർച്ചയും ചേരുന്നവയുടെ വിയോജിപ്പുമാണ് നമുക്ക് ചുറ്റുമുള്ളതെന്ന് പഠിപ്പിച്ച ദാമോദരൻ മാഷ്ക്ക് അവൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചത്.

# വെയിൽമായുവോളം

കഥ



രേഖ തോപ്പിൽ




**രാ**ധ വായിൽ ചെറു ചൂടുവെള്ളമാക്കികുപ്ളിച്ചുകൊണ്ടിരിക്കുമ്പോഴാണ്പലവിധ തുണി തരങ്ങളുമായിതുണിക്കാരൻ മാപ്പിള വീടിൻറെ പടി കയറി വന്നത്.അയാളെ കണ്ടപ്പോൾ രാധ വായിലെ വെള്ളം മുറ്റത്തേക്ക് നീട്ടിതുപ്പി. ഒരു ചെറു കിതപ്പോടെകയ്യിലെ തടിച്ചബാഗ്താഴെയിറക്കിവെച്ച്തുണിക്കാരൻ രാധയെ നോക്കി ചിരിച്ചു.രാധയുടെവീടിൻറെ മുറ്റത്ത് പടർന്നു പന്തലിച്ച കാട്ടു മരത്തിലെ വയലറ്റു പൂക്കൾ മനോഹരമായ പൂക്കളം തീർത്തുപരന്നുകിടന്നു.

ആ മരം ഏപ്രിൽ മെയ് മാസങ്ങളിൽ ഇറുന്നനെ പൂക്കാറുണ്ട്. നിറയെ പൂത്തുലഞ്ഞ പൂക്കൾ ആ മരത്തിലെ ഇലകളെ പാടെ അപ്രത്യക്ഷമാക്കാറുണ്ട്. ഗെദ്ധയിൽ വന്ന കാലം തൊട്ട് രാധ ആ പൂക്കളുടെവസന്ത കാലത്തിനായി കാത്തിരിക്കാറുണ്ട്.

ഗെദ്ധയിലെ തണുത്തുറഞ്ഞ ഇളം വെയിൽ അവളുടെ മേലെയും തുണിക്കാരൻറെ മേലെയും ചിത്രങ്ങൾ വരച്ചു. കറുത്ത നിറമുള്ള തുണിക്കാരന് വെയിലിപ്പോൾ സുവർണ്ണ നിറം പൂശിയിരിക്കുന്നു. രാധ അങ്ങനെ ചിന്തിച്ച് അയാൾ കാണാതെ ഒരു ചെറു പുഞ്ചിരി തൂകി.

തുണിക്കാരൻ ഇപ്പോൾ വീടിന്റെ വരാന്തയിൽ ചമ്രം പടിഞ്ഞിരുന്ന് ബാഗിന്റെ സിബ് തുറക്കുകയാണ്. രാധയുടെ വീടിന്റെ ഇരുഭാഗത്തും കുന്നു കുനെ വീടുകളുണ്ട്. അവിടെ പരിചിതനായ അയാൾ ചുറ്റുമുള്ള വീടുകളിലേക്ക് നോക്കി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു ‘വേഗം വരിൻ പെണ്ണുങ്ങളെ എനിക്ക് അന്തിയാകുമ്പോഴെക്കുംഅങ്ങു മന്ചൂരെത്തണം..ഇതാ പുതു പുത്തൻ ചുരിദാറുകളും മാക്സികളും..എല്ലാവരും വന്നെടുക്കൂ.‘

അയാളുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ടാവണം അടുത്ത വീട്ടിലെ സരസൂ ഇറങ്ങി വന്നു. അവളുടെ ചെറിയ കറുത്ത മുഖത്ത് ഭംഗിയുള്ള പല്ലുകൾ തിളങ്ങി. അവളുടെ ബ്രാ ഉപയോഗിക്കാത്ത നൈറ്റിക്കുള്ളിൽ ഓമക്കായ മുലകൾ തൂങ്ങിയാടി.

‘സരസൂ..അന്നെ കാണാനാ ഞാനിത്ര ദൂരം നടന്നു വന്നത്.‘

തുണിക്കാരൻ വെളുക്കെ ചിരിച്ചു . അ

രികെ നിന്ന രാധ അതു കേട്ടതിന്റെ ജാള്യത സരസുവിൻറെ മുഖത്ത് തെളിഞ്ഞു. രാധ കൈയിലെ ഗ്ളാസ്സ് അകത്തേക്ക് വയ്ക്കാനെന്ന വ്യാജേന അവിടെ നിന്ന് ഒഴിഞ്ഞു മാറി.

പച്ച നീല ചുകപ്പ് നിറത്തിലുള്ള ചുരിദാറുകൾ മഴവിൽ വർണ്ണങ്ങൾ ഇണചേരുന്ന സാരികൾ എല്ലാം തുണിക്കാരൻ വന്നു ചേർന്നപെണ്ണുങ്ങളുടെ മുന്നിലേക്ക് നിരത്തി.

പെണ്ണുങ്ങൾ ആർത്തി നിറഞ്ഞ കൗതുകത്തോടേ എല്ലാം എടുത്തു നിവർത്തി നോക്കി. മണത്തു നോക്കി. ഉടലിൽ ചേർത്തു വെച്ച് ചന്തം നോക്കി. അപ്പോൾ പൊടുന്നനെ ഒരു ചെറുകാറ്റിൽ ഒരു കൂട്ടം വയലറ്റു പൂക്കൾ ആ തുണിതരങ്ങൾക്കു മേലെ അടർന്നുവീണു.

ആ മരത്തിലെ തത്ത കിളികൾകൂടി നിന്ന പെണ്ണുങ്ങളെ പോലെ കിലുകിലെ ശബ്ദിച്ച് ദൂരേക്ക് പറന്നു പോയി.

കൂടി കിടക്കുന്ന തുണി തരങ്ങളിൽ നിന്ന് ഒരു വയലറ്റ് കളർ ചുരിദാറെടുത്ത് രാധ യുടെ കൈയിൽ കൊടുത്ത് തുണിക്കാരൻ പറഞ്ഞു.

'രാധക്ക് ഈ കളർ നന്നായി ചേരും'

'അയ്യോ ..എനിക്ക് ഒന്നും വേണ്ട..ഞാൻ വെറുതെ കാണാൻ ..'

'വാങ്ങിക്കോളൂ..നല്ല നെറാണത്..'

അടുത്തു നിന്ന സരസു അവളെ നിർബന്ധിച്ചു.

'വേണ്ട..ഏട്ടൻ വന്നാൽ വഴക്ക് പറയും'

അങ്ങനെ പറഞ്ഞു രാധ വെറുതെ സരസു ഭംഗി നോക്കുന്ന ഷിഫോൺ സാരിയിൽ വിരലോടിച്ചു കൊള്ളാം'മെന്ന് കള്ളം പറഞ്ഞു.

കച്ചവടം കഴിഞ്ഞ തുണിക്കാരൻ ബാഗ് ചുമലിൽ തൂക്കി മുറ്റത്തെ വീണു കിടക്കുന്ന വയലറ്റു പൂക്കളെ ചവിട്ടിയരച്ച് മുഖത്തൊരു വിൽപന ചിരിയുമായി നടന്നു പോയി.രാധ ക്ക് മുറ്റത്തെ അലങ്കരിക്കുന്ന ആ വയലറ്റു പൂക്കളോട് വല്ലാത്ത സ്നേഹവും സഹതാപവുമായിരുന്നു. ആ വയലറ്റു പൂക്കൾ തീരെ ആയുസ്സു കുറഞ്ഞ സ്വപ്നങ്ങളാണ് .പ്രണയിച്ചു മതിവരാത്ത കാമിനികളാണ്.

അന്ന് വൈകുന്നേരം തിരിയും എണ്ണയുമെടുത്ത് അവൾ കൃഷ്ണൻറെ അമ്പലത്തിലേക്ക് നടന്നു . ആ നേരത്താണ് അവളുടെ ഭർത്താവിന്റെ വലിയ ഓഫീസർ അവളെ കൈ കാട്ടി അരികിലേക്ക് വിളിച്ചത്. വൃദ്ധൻ അവളുടെ അച്ഛനോളം പ്രായമുള്ളവൻ. ഈയിടെ അയാൾക്ക് ഷുഗർ രോഗം കൂടുതലാണത്രേ. രാധ മടിക്കാതെ അവളുടെ സമീപത്തേക്ക് നടന്നു ചെന്നു.

അയാളുടെ വീട്ടിൽ പണിക്കു വരുന്ന കനത്ത നിതംബവും വലിയ മുലകളുമുള്ള പ്രേമ മുറ്റത്തു വരഞ്ഞു വെച്ച കോലത്തിലേക്ക് രാധ നോക്കി.

'ആ പ്രേമേടെ അത്ര നല്ല സ്വഭാവമൊന്നുമല്ല കേട്ടോ അവൾക്ക് നിറയെ കസ്റ്റമേർസുണ്ടത്രേ..

ഇന്നലെ കൂടി സരസു രാധയോടങ്ങിനെ പറഞ്ഞു കുലുങ്ങി ചിരിച്ചു.

ഏട്ടന്റെ ഓഫീസറുടെ ശരീരത്തിലെ നരച്ചമുടി..വാർദ്ധക്യത്താൽ നിറം കെട്ട കണ്ണുകൾ. കരിമംഗല്യത്താൽ കറുപ്പു വീണ കവിൾതടം എല്ലാം രാധ ശ്രദ്ധിച്ചു. രാധ യോടയാൾ ഉത്തരം പറയാതെ മിടയിറക്കി.

അവളുടെ ചുവന്നു തുടുത്ത ചുണ്ടുകളിലേക്കും ദുപ്പട്ട തെന്നി മാറി കിടക്കുന്ന മാറിടത്തിലേക്കും അയാളുടെ നിയന്ത്രണമില്ലാത്ത കണ്ണുകൾ സഞ്ചരിച്ചു.

'നേരം വിളക്കു വെയ്ക്കാറായി എനിക്ക് പോകണം'

അവൾ അവിടെ നിന്ന് അയാളുടെ അനു വാദത്തിന് കാത്തുനിൽക്കാതെ ഇറങ്ങി നടന്നു .

ചെരാതിൽ എണ്ണയൊഴിച്ച് തിരി വെയ്ക്കുമ്പോൾ അവൾ കണ്ണനോട് പരാതി പറഞ്ഞു.

ദേ ആ തുണിക്കാരൻ മാപ്പിളയും ഏട്ടൻറെ ഓഫീസറുമൊന്നും അത്ര നല്ലതല്ല കണ്ണാ..

കണ്ണനു മുന്നിൽ രാധ കത്തിച്ച നില വിളക്കിൽ സ്വർണ്ണദീപം തെളിഞ്ഞു. ചന്ദനതിരി ചുറ്റും സുഗന്ധംപരത്തി.

കൈയിൽ പറ്റിയ എണ്ണ തലയിൽ തുടച്ചുരാധ കണ്ണനു മുന്നിൽ കൈ കൂപ്പി കണ്ണടച്ചു.

കാലം അത്ര നല്ലതല്ല രാധേ'

കണ്ണനങ്ങിനെ കാതിൽ പറഞ്ഞു വോ..'

രണ്ടു പേരും ഒന്നിച്ചു ചിരിച്ചു . ആ നേരത്ത് പതുങ്ങി വന്നൊരു ചാറ്റൽ മഴ രണ്ടാളെയും ചേർത്ത് പൊതിഞ്ഞു പിടിച്ചു.

കഥ

# നിനക്കുവേണ്ടി



സുജ. എം

**മു**ഖത്തേക്ക് പാറിവീണ കുഞ്ഞു മഴത്തുള്ളികൾ അവളുടെ ചിന്തകൾക്ക് ഒരു ഭംഗവും വരുത്തിയില്ല. കണ്ണടച്ച് ആ ബസിന്റെ സീറ്റിലേക്ക് ചാരികിടന്നു ഓർമകളുടെ കയത്തിലേക്ക് മുങ്ങാംകുഴി ഇട്ടിരുന്നു അവൾ. ജീവിതം ഒരു പ്രഹേളികയാണ് എന്നൊക്കെ കേട്ടിട്ടുണ്ട്.

ഇന്ന് തന്റെ ജീവിതത്തിലെ ഏറ്റവും വിശേഷപ്പെട്ട ഒരു ദിവസം. താൻ ഏറ്റവും സ്നേഹിക്കുകയും ആ ഒരാൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്ത പ്പോൾ മറ്റൊന്നും തടസമായിരുന്നില്ല. കൂടെ കൂട്ടിയവൻ അപകടത്തിൽ മരണപ്പെട്ടപ്പോഴും കൂടെപ്പിറപ്പുകളും കൂട്ടരുമെല്ലാം കൈവിട്ടപ്പോഴും പിടിച്ചുനിന്നു. കൈവിട്ടുപോകുന്നു എന്ന അവസ്ഥയിലെല്ലാം പിടിച്ചു നിൽക്കാൻ ഒരു മുഖം മാത്രം മതിയായിരുന്നു. ജീവിക്കണം. ജീവിച്ചേ പറ്റൂ. വിശന്നു വലഞ്ഞ മോൾക്ക് ഒരു നേരത്തെ ആഹാരം കൊടുക്കാൻ ആരുമുണ്ടായില്ല. തങ്ങളുടെ അടുക്കളവാതിൽക്കലേക്കു കണ്ണ് നട്ടിരുന്നവർ തങ്ങൾ ഒരു നേരം ആഹാരം കഴിച്ചോ എന്ന് തിരക്കാൻ നേരമില്ലാത്തവർ ആയിരുന്നു! വിളക്കണയുമ്പോൾ വാതിലിൽ കേൾക്കുന്ന തട്ടുകൾ ആ രണ്ടു ജന്മങ്ങളെ ഭയപ്പെടുത്തിയിരുന്നു.



പെറ്റിക്കോട്ടിനുള്ളിലെ ശരീരം കൂടുതൽ ദുർബലവും ശോഷിച്ചും വരുന്നത് സഹിക്കാനാവുമായിരുന്നില്ല. ജോലിക്ക് വേണ്ടി മുട്ടിയ വാതിലുകളിൽ തുളച്ചു കയറുന്ന നോട്ടങ്ങൾ നേരിടേണ്ടിവന്നു.

ഒടുവിൽ അത്ര സൗഹൃദം കാത്തുസൂക്ഷിച്ചിട്ടില്ലാത്ത സുഹൃത്തുവഴി പ്രവാസലോകത്തേക്ക്... പുറംലോകം കണ്ടിട്ടില്ലാത്തവൾക്ക് അമ്പരിപ്പിക്കുന്ന ലോക കാഴ്ചകൾ...

പക്ഷെ നാട്ടിൽ അന്നത്തിനു വിലപറ

യുന്നവർക്ക് നേരെ എടുത്തിരുന്ന വെട്ടുകത്തി പ്രവാസലോകത്തേക്കെടുക്കാൻ മറന്നു.

നീരാളിക്കരങ്ങൾ പോലെ ആ ലോകം ചുറ്റിവരി ഞ്ഞിരുന്നു. മരണം പോലും കൊതിച്ച നാളുകൾ!

പതിനാറു വർഷത്തെ പ്രവാസം.!

ഒരു മോചനം ലഭിച്ചു നാട്ടിൽ എത്തി മോൾക്കൊപ്പം നഷ്ടപ്പെട്ട കാലങ്ങൾ തിരിച്ചെടുക്കാൻ മോഹിച്ചു. പെറ്റിക്കോട്ടിനുള്ളിലെ ശോഷിച്ച കുഞ്ഞുശരീരത്തിൽ നിന്നും ആകാരസൗഷ്ഠവമുള്ള 22 കാരിയായി. മിടുക്കിയായ അവൾ സർക്കാർ ജോലി യും നേടിയിരുന്നു.




പക്ഷെ 'സ്വന്തം സുഖം തേടിപോയ അമ്മയെ അവൾക്കാവശ്യമായിരുന്നില്ല!അന്തസ്സില്ലാത്ത ജീവിതം നയിച്ച അമ്മ ഇനി അവയുടെ കണ്മുന്നിൽ എത്തരുത് 'എന്നൊരു ആജ്ഞയും!

തിരികെ പോകാനിടമോ കയ്യിൽ സമ്പാദ്യമോ ഉണ്ടായിരുന്നില്ല..

പക്ഷെ ഇന്നവളുടെ കഴുത്തിൽ ഒരു താലിച്ചരട് വീഴുന്നു എന്ന് ആരുടെയോ വാട്സപ് സ്റ്റാറ്റസ് കണ്ടു. സുമംഗലിയാകാനൊരുങ്ങി തന്റെ മകൾ!

ദൂരെ നിന്നും അവളുടെ കണ്മുന്നിൽ പെടാതെ ആ ചടങ്ങൊന്നു കാണണം...

'ചേച്ചി ഇറങ്ങുന്നില്ലേ?...' കണ്ടക്ടറുടെ ചോദ്യം കേട്ട് പിടഞ്ഞെണീറ്റു. ബസിൽ നിന്നിറങ്ങി മുമ്പോട്ട് നടക്കുമ്പോൾ കാലുകൾ വേച്ചുപോകുന്നു. തന്റെ ജീവിതത്തിൽ നടന്നുകാണേണ്ട ഏറ്റവും വലിയ ഒരു ചടങ്ങിൽ മകളുടെ കണ്മുൻപിൽ പെടരുതേ എന്നൊരു പ്രാർത്ഥനയോടെ വേച്ചു വേച്ചു ആ ഓഡിറ്റൊറിയത്തിനരികിലേക്ക്.....

ദൂരെ നിന്നേ ആളും ബഹളവും ഒക്കെ കണ്ടു. ആരെയും ശ്രദ്ധിക്കാതെ തലകുനിച്ചു മുൻപോട്ട് നടന്നു.

ഓഡിറ്റോറിയത്തിനുള്ളിൽ മെറൂൺ കളറുള്ള കർട്ടന്റെ അരികിലായി ഒരു ഇരിപ്പിടം കിട്ടി. ഏറ്റവും മനോഹരമായലങ്കരിച്ച വേദിയിൽ ഒരു ദേവതയെപ്പോലെ തന്റെ മകൾ....

അടിവയറ്റിൽ നിന്നു മാതൃത്വം ഉറവപൊട്ടുന്നുവോ?

നിറകണ്ണുകൾ ആ കാഴ്ചയെ മങ്ങലേൽ പ്പിക്കുന്നു.

'അച്ഛനും അമ്മയും ഇല്ലാത്ത കുട്ട്യാണത്രെ. നല്ലൊരു കുട്ടി...'ആരോ പറയുന്നത് ചെവിയിൽ കേട്ടു.. 'അല്ല, എന്റെ മോൾ അനാഥയല്ല... അവൾക്ക് എന്നും എല്ലാമായി ഈ അമ്മയുണ്ട്..' ഉറക്കെ വിളിച്ചു പറയണമെന്ന് തോന്നി...

അപ്പോൾ മേളം മുറുകി. തന്റെ മോളുടെ കഴുത്തിൽ പൊൻതാലി ചാർത്തുന്നു. സുന്ദരനായ പയ്യൻ!

മകൾ ദീർഘസുമംഗലിയായിരിക്കാൻ കണ്ണടച്ച് പ്രാർത്ഥിച്ചു.

വരാനും വധുവും ഫോട്ടോയെടുക്കാനുള്ള തിരക്കിൽ... അതിഥികൾ സദ്യകഴിക്കാനുള്ള തിരക്കിൽ...

സാരിയൊതുക്കിപിടിച്ചു ക്യുവിന്റ അവസാനത്തായി നിന്നു.

ഒടുവിൽ ഭക്ഷണശാലയുടെ ഏറ്റവും അരികിലായി ഒരു ഒഴിഞ്ഞ സീറ്റിൽ ഇരിക്കുമ്പോൾ മനസ്സിനൊപ്പവും ശരീരവും വിറയ്ക്കുന്നുണ്ടായിരുന്നു. മുൻപിലെ സദ്യയിൽ നിന്നു ഒരു പിടി വാരുമ്പോൾ മിഴിനീർ ഉപ്പു പകരുന്നുണ്ടായിരുന്നു. ഒരു പിടി വായിൽ വെക്കുമ്പോൾ തൊണ്ടക്കുഴിയിൽനിന്ന് ഉയർന്ന തേങ്ങലുകൾ ആരെങ്കിലും കേട്ടിരുന്നോ?

# വീട്

എന്റെ വീട് ചെമ്പരത്തികൾക്കുള്ളിൽ ഒളിച്ചിരുന്നു.
റോഡിലൂടെ ഒഴുകുന്ന വാഹനങ്ങളെ
അത് നോക്കിയിരുന്ന് മടുത്തു കാണും
പുള്ളുകൾ കൂവുന്ന ചില രാത്രികളിൽ
അപരിചിതരായ ആളുകൾ ഒറ്റക്ക്
നടന്നു പോകുന്നത് നോക്കിയിരിക്കാനാണ്
അതിന് കൗതുകം
അമ്പിളിക്കല മാനത്ത് പൊങ്ങുന്നത്
തേക്കിന്റെ ഇലകൾക്കുള്ളിലൂടെ
വീട് നോക്കിക്കാണും
ഇലകൾ വകഞ്ഞു മാറ്റി ഒരു
മുഴുതിങ്കളിനെ കാണാൻ കൊതിച്ച്
അത് ഇല്ലാത്ത കൈയുകൾ
നീട്ടി നിശ്ശബ്ദം കരയാറുണ്ട്
തെരുവുവിളക്കിലെ വെളിച്ചം
തട്ടി പലപ്പോഴും അതിന് ഉറക്കം മുറിയാറുണ്ട്.
തോരാത്ത ചില രാത്രികളിൽ
മരങ്ങൾക്കൊപ്പം നിന്ന് ആ മഴ
മുഴുവൻ നനയാറുണ്ട്.
പക്ഷേ എന്റെ വീട് നിങ്ങൾക്ക്
അത്രയെളുപ്പത്തിൽ കാണാനാവില്ല.
അത് ചെമ്പരത്തികൾക്കും
തേക്കു മരങ്ങൾക്കും മറവിലാണ്.



പ്രദീപ് എസ് എസ്




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച







എംറിൻ റോസ് N. J, 6– ക്ലാസ്
സേക്രഡ് ഹാർട്ട് സ്കൂൾ, തൃശൂർ




Zanha fathima shabeer.R.S
St: Thomas LP School, engandiyur.





Ziya Fathima shabeer.R.S
St: Thomas LP School, engandiyur.



Dwivik varma ck
3 A, Anmmups
**തളി**



*ഇഷ. ടി.ജെ, യു.കെ.ജി
വിധ്യാ വിഹാർ സെൻട്രൽ സ്കൂൾ
ചിറ്റാട്ടുകര



സൗരവ് എം.കെ, 6 th Std
ശ്രീവ്യാസ വിദ്യാനികേതൻ സ്കൂൾ
പുഴക്കര, എരമംഗലം



നവദ് കൃഷ്ണ. ടി.എൽ, 1std
സെന്റ് ജോസഫ് സി എം ഐ സ്കൂൾ
പാവറട്ടി



ജോഷ് വിൻ N. J
3- ക്ലാസ്
സെൻമേരിസ് സിബിപിഎസ്
കൊട്ടേക്കാട്

കവിത

## നക്ഷത്രപ്പാട്ട്

ആകാശ താരയിൽ മിന്നി
തിളങ്ങുന്ന നക്ഷത്രമേ
നീയെന്നെ കാണുന്നുണ്ടോ?
ഞാൻ നിന്നെ കാണുന്നുണ്ട്.
ആഹാ.... നീയെന്നെ കാണുന്നുണ്ടോ?
മിന്നി തിളങ്ങുന്ന നക്ഷത്രമേ
ചന്ദ്രൻ മാമന്റെ അടുത്ത്
നിൽക്കുന്ന നക്ഷത്രമേ
ഒന്നു കണ്ണു ചിമ്മി നോക്കുമോ?
കൂട്ടിനായിരം മിന്നാ മിന്നികളുണ്ടല്ലോ.
എന്നോടും കൂടെ മിണ്ടാമോ?
ഒന്നു മിണ്ടാമോ.....

അനിക്ഷിത. എ
Class: 3A
KTCT EM HSS
Kaduvappalli

കവിത –

## മരം

?ഭൂമിയിൽ വീണൊരു വിത്തിന്
മുകളിൽ അറിയാതെ പെയ്തൊരു മഴ
തൊണ്ട വരണ്ടൊരു വിത്തിന്
മുകളിൽ ദാഹ ജലമായി മഴ
ജീവന്റെ തുടിപ്പുമായി വിത്ത്
മുളച്ചു ഒരു തൈ ആയി മാറിയ നേരം.
മഴകൊണ്ട് മഴകൊണ്ട് തൈ ഒരു
മരമായ് പഴങ്ങൾ തന്നിടുന്ന നേരം.
കടുത്ത വെയിലിൽ തണൽ ആയി
മാറിയ മരത്തിന് നല്ലത് പറഞ്ഞും
പഴങ്ങൾ തരുമ്പോൾ നല്ലതും പറഞ്ഞു.
വീമ്പ് ഇളക്കിടുന്നു നമ്മൾ
കാറ്റ് വന്നിടുന്ന നേരത്തും ഇലകൾ
കൊഴിയുന്ന സമയത്തും കുറ്റം
പറയുന്ന നമ്മുടെ ദൂഷിച്ച നാവും
കൊണ്ട് ഒരു തുടർക്കഥ പോലെ
വളർന്നിടുന്നു മരം.

ആൻ തെരേസ ഷൈജൻ
ST RAPHEL LP SCHOOL
OLLUR
CLASS- 4 C

## പൂക്കൾ

പൂക്കൾ നല്ല പൂക്കൾ
വിരിയുന്ന പൂക്കൾ
തേൻ കിനിയും പൂക്കൾ
കാണാനെന്തു ഭംഗി

ദ്വിവിക് വർമ്മ സി.കെ
3 A
ANMMUPS
**തളി**

## രാവ്

രാവിൻ പൂക്കൾ പൂക്കും സമയം
നിശാശലഭം പാറും നേരം
വാനിൽ നിലാവൊളി തൂകി
നക്ഷത്രങ്ങൾ വന്നെത്തി.

ആരാധ്യ വർമ്മ സി.കെ
7 A
Anmmups തളി